# ഇടതുപക്ഷ ബദൽ

4499

1980 ഏപ്രിൽ 6 മുതൽ 11 വരെ
കൽക്കട്ടയിൽ കൂടിയ റവല്യൂഷണറി
സോഷ്യലിസ്റ്റ് പാർട്ടിയുടെ പതി
നൊന്നാമതു് ദേശീയ സമ്മേളനം
അംഗീകരിച്ച ദേശീയ രാഷ്ട്രീയ
സ്ഥിതിയെപ്പററിയുള്ള തീസിസ്സ്

റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി
കേരള സംസ്ഥാനക്കമ്മററി

# THE LEFT ALTERNATIVE

These On The National Political Situation Adopted By The Eleventh National Conference Of The Revolutionary Socialist Party At Calcutta From April 6 To 11, 1980

324.254

പ്രസാധകർ : റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി
കേരള സംസ്ഥാനക്കമ്മററി, തിരുവനന്തപുരം-695 004.

വിതരണം : പ്രവാഹം പബ്ലിഷേഴ്സ്
പ്രൈവററ് ലിമിററഡ്
തിരുവനന്തപുരം-695 004.

അച്ചടി : രേഖാ പ്രിന്റേഴ്സ്
കുന്നുകുഴി, തിരുവനന്തപുരം-695 037.

1982 ജൂലായ്

1989 ഫെബ്രുവരി

വില 3 രൂപ

## 1. ദേശീയ രാഷ്ട്രീയ സാഹചര്യങ്ങളിൽ വന്ന മാററം; ശ്രീമതി ഇന്ദിരാഗാന്ധിയുടെ അധികാരത്തിലേയ്ക്കുള്ള തിരിച്ചുവരവ്

ആറാം ലോക്സഭ പിരിച്ചുവിട്ടതിനെത്തുടന്ന് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിലേയ്ക്ക് തിരിച്ചു വന്നതിൻെറയും കേന്ദ്രഗവണ്മെൻറിൻെറ രാഷ്ട്രീയ സ്വഭാവത്തിൽ വന്ന സമീപകാല മാററത്തിൻെറയും ഉടനടിയുള്ള അനന്തരഫലങ്ങൾ ആണ് ഇന്ത്യയിലെ ഇന്നത്തെ ദേശീയ രാഷ്ട്രീയ സ്ഥിതിഗതികളിൽ വലിയ സ്വാധീനം ചെലുത്തുന്നത്. എല്ലാവക്കും അറിവുള്ളതുപോലെ, തിരഞ്ഞെടുപ്പിൽ മത്സരിച്ച മററ് രണ്ട് ബൂർഷ്വാസംഘങ്ങളായ ജനതാപാർട്ടിയും ലോക്ദളം, കോൺഗ്രസ് (യു) കൂട്ടുകെട്ടും ഏതാണ്ട് നിലംപരിശാകുകയും പാർലമെൻറിലെ അവരുടെ ശക്തി നന്നേ കുറയുകയും ചെയ്തു. ഈ കക്ഷികളെല്ലാം തന്നെ ഇപ്പോൾ രാഷ്ട്രീയമായി ഛിന്നഭിന്നമാണ്; ലോക്സഭയിൽ അവയെല്ലാം ചെറിയ പ്രതിപക്ഷ ഗ്രൂപ്പുകളായി പ്രവത്തിക്കേണ്ടിവന്നിരിക്കുകയുമാണ്. ഗവണ്മെൻറ് ശ്രീമതി ഗാന്ധിയുടെ കൈകളിലേയ്ക്ക് പോയി. 1977-ൽ മുൻ പാർലമെൻറിൽ ഭൂരിപക്ഷ കക്ഷിയായി അധികാരത്തിലേയ്ക്ക് ഉയത്തപ്പെട്ട ജനതാപാർട്ടി കഴിഞ്ഞ ജൂലായി മാസത്തിൽ പരസ്പരം മത്സരിക്കുന്ന ജനത, ജനത (എസ്) അഥവാ ലോക്ദളം എന്നീ രണ്ടു വിഭാഗങ്ങളായി പിളരുകയും ചെയ്തു. പാർലമെൻറിൽ ജനതാപാർട്ടിയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടതു് അധികാരത്തിൽ നിന്നുള്ള അതിൻെറ നിഷ്കാസനത്തിനും തുടർന്ന് പാർലമെൻറിൻെറ പിരിച്ചുവിടലിനും പുതിയ തിരഞ്ഞെടുപ്പിനും വഴിതെളിച്ചു. ഭൂരിപക്ഷ പിന്തുണയോടുകൂടി ഉറപ്പുള്ള ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനു് മുൻ പാർലമെൻറിലുള്ള മറേറതെങ്കിലും കക്ഷിയ്ക്കോ കക്ഷികളുടെ കൂട്ടുകെട്ടിനോ കഴിയാതെ വന്നു.

## 2. ഇന്ദിരാ കോൺഗ്രസ്സിതര നിയമസഭകളുടെ പിരിച്ചുവിടൽ

1980-ൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ദിരാ കോൺഗ്രസ്സിനുണ്ടായ വമ്പിച്ച വിജയത്തിൻെറയും കേന്ദ്രത്തിലെ രാഷ്ട്രീയാധികാര ശക്തിബന്ധങ്ങളിൽ ഉണ്ടായ മാററങ്ങളുടെയും അനിവാര്യമായ അനന്തരഫലം എന്ന നിലയിൽ ഒൻപതു് ഇന്ദിരാ കോൺഗ്രസ്സിതര സംസ്ഥാന ഗവണ്മെൻറുകൾ പിരിച്ചുവിടപ്പെടുകയും അവിടങ്ങളിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയും ചെയ്തു. ബീഹാർ, ഒറീസ്സാ, ഉത്തർപ്രദേശ്, പഞ്ചാ

ബ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട്ട് എന്നിവയാണ് ആ സംസ്ഥാനങ്ങൾ. ഈ സംസ്ഥാന ഗവണ്മെൻറുകളെ നിയന്ത്രിച്ചിരുന്നതു് ജനത, ലോക്ദൾ, അകാലിദൾ (പഞ്ചാബ്) 'സമാന്തര കോൺഗ്രസ്സ്'—ജനതാസംഖ്യം (മഹാരാഷ്ട്ര) അഖിലേന്ത്യാ എ. ഡി. എം. കെ. (തമിഴ്നാട്ട്) എന്നീ കക്ഷികളായിരുന്നു. ഇവിടങ്ങളിലെ സംസ്ഥാന നിയമസഭകൾ പിരിച്ചുവിടപ്പെട്ടുകയുണ്ടായി. ഈ ഒൻപതു് സംസ്ഥാനങ്ങളിലെ ഇന്ദിരാ കോൺഗ്രസ്സിതര ഗവണ്മെൻറുകളെ പിരിച്ചുവിട്ടതിനു ന്യായീകരണമായി ഇന്ദിരാഗാന്ധിക്കു പറയാനുണ്ടായിരുന്ന ഏക കാരണം 1977-ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയം ലഭിച്ചപ്പോൾ ജനതാ പാർട്ടിയുടേതല്ലാത്ത സംസ്ഥാന ഗവണ്മെൻറുകളോടു ആ പാർട്ടിയും ഈ രീതിയിൽ പ്രവർത്തിച്ചു എന്നതാണ്.

പശ്ചിമബംഗാൾ, ത്രിപുര, കേരളം എന്നീ സംസ്ഥാനങ്ങളിലെ ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ മുന്നണി കക്ഷികൾക്കും അവയുടെ പങ്കാളികൾക്കും നിരാക്ഷേപമായ വിജയം ലഭിച്ചതുകൊണ്ടാണെന്നു തോന്നുന്നു ഈ സംസ്ഥാനങ്ങളിലെ ഗവണ്മെൻറുകളെ പിരിച്ചുവിടാതിരുന്നതു്. ലോക്സഭാ തെരഞ്ഞെടുപ്പു കഴിഞ്ഞ ഉടൻ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലൂടെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതു്. ആന്ധ്രാപ്രദേശും കർണ്ണാടകവും പോലെയുള്ള ഇന്ദിരാകോൺഗ്രസ്സ് ഭരണം നടത്തുന്നിടങ്ങളിലെയും ഹര്യാന, ഹിമാചൽ പ്രദേശ് തുടങ്ങി ജനതാപാർട്ടി ഭരണം നടത്തിവന്നതും എന്നാൽ ആ കക്ഷിക്കാർ കൂട്ടത്തോടെ ഇന്ദിരാ കോൺഗ്രസിലേയ്ക്കു കാലുമാറുകയും ചെയ്ത സംസ്ഥാനങ്ങളിലെയും ഗവണ്മെൻറുകൾ സ്പർശിക്കപ്പെട്ടില്ലെന്നും അവയെ തുടരാൻ അനുവദിച്ചു എന്നുമുള്ളകാര്യം പറയേണ്ടതില്ലല്ലോ.

പാർലമെൻറ് തിരഞ്ഞെടുപ്പിലുണ്ടായ വിജയംവഴി കൈവന്ന രാഷ്ട്രീയനേട്ടങ്ങൾ പ്രയോജനപ്പെടുത്തുവാനും രാജ്യത്തെ മുഴുവനും ഇന്ദിരാ കോൺഗ്രസ്സിൻെറ ഏകകക്ഷി കുത്തകഭരണത്തിൻ കീഴിൽ കൊണ്ടുവരാനും ശ്രീമതി ഗാന്ധിയും അവരുടെ പാർട്ടിയും ദൃഢമായ തീരുമാനം എടുത്തിരിക്കുകയാണെന്ന കാര്യത്തിൽ തർക്കമില്ല.

## 3. ഇന്ത്യയിലെ ബൂർഷ്വാജനാധിപത്യത്തിൻെറ പ്രതിസന്ധിയും അസ്ഥിരതയും ഇന്ത്യൻ മുതലാളിത്തത്തിൻെറ പ്രതിസന്ധിയും

ഇന്ത്യയിലെ പരസ്പരം മൽസരിക്കുന്ന ബൂർഷ്വാ വിഭാഗങ്ങളായ ജനതാപാർട്ടി (അവിഭക്ത ജനതാപാർട്ടിയുടെ ഭാഗമായിരുന്ന ലോക്ദളും

ഇതിൽപ്പെട്ടം) യുടെയും കോൺഗ്രസ്സിൻെറയും രാഷ്ട്രീയ ഭാഗ്യങ്ങളിലു ണ്ടായ തിരിച്ചടികഠം മൂന്നുവർഷത്തെ ഹ്രസ്വമായ ഒരു കലാഘട്ടത്തിനക ത്താണുണ്ടായതു്. കഴിഞ്ഞ ലോകസഭയുടെ കാലാവധി പൂർത്തിയാകുന്ന തിനു ഇനി രണ്ടുവർഷം കൂടിയുണ്ടു്. പ്രത്യക്ഷത്തിൽ ഈ സംഭവങ്ങഠം ബൂർഷ്വാ പാർലമെൻററി ജനാധിപത്യവ്യവസ്ഥയുടെ ക്യാബി നററു് സമ്പ്രദായത്തിലുള്ള ഗവണ്മെൻറിൻെറയും സാധാരണ ഗതി യിലുള്ള പ്രവർത്തനത്തിൻെറ ഫലമാണെന്നു പറയാം. അധികാരത്തി ലിരുന്ന ഗവണ്മെൻറുകഠംക്കു് പാർലമെൻറിൽ ഭൂരിപക്ഷ പിന്തുണയി ല്ലാതെ വന്നതുമൂലമാണിതുണ്ടായതു്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ ഈ മാററങ്ങളുണ്ടാവുകയും രാഷ്ട്രീയാധികാരത്തിൻെറ പെൻഡുലം ഒരു ധ്രുവത്തിൽ നിന്നും മറെറാന്നിലേയ്ക്കു് ആടിയെത്തുകയും ചെയ്തു. അടിയ ന്തിരാവസ്ഥയുടെ കീഴിൽ ഏതാണ്ടു് ഫാസിസ്റ്റു് സ്വേച്ഛാധിപത്യ രീതിയിലുള്ള ഭരണത്തിൻെറ രണ്ടു വർഷക്കാല ഇടവേള ഉഠംപ്പെടെ 1971 മുതൽ 1977 വരെയുള്ള ഇന്ദിരാ കോൺഗ്രസിൻെറ അമിതാധികാര ഏകകക്ഷി കുത്തക ഭരണത്തിൽ നിന്നു് പാർലമെൻററി ജനാധിപത്യ ത്തിൻെറ ബാഹ്യമായ പുനഃസ്ഥാപനത്തിലേയ്ക്കും 1977-ൽ പുതുതായി രൂപമെടുത്ത ജനതാപാർട്ടി കൂട്ടുകെട്ടിൻെറ ഗവണ്മെൻറു് രൂപീകരണത്തി ലേയ്ക്കും, 1980-ൽ ജനതാപാർട്ടിയുടെ കൈയിൽനിന്നു് തിരിച്ചു വീണ്ടും അതേ ഇന്ദിരാ കോൺഗ്രസിൻെറ കുത്തക ഭരണത്തിലേയ്ക്കു്. ഈ മാററ ങ്ങളുടെ മുഴുവൻ പ്രക്രിയയും വെളിപ്പെടുത്തുന്നതു് ബൂർഷ്വാ ജനാ ധിപത്യത്തേയും ഈ രാജ്യത്തു് ഇന്നു നിലവിലുള്ള മുതലാളിത്ത വ്യവസ്ഥിതിയേയും ബാധിച്ചിരി ക്കുന്ന ആഴമേറിയ പ്രതിസന്ധിയുടെയും അസ്ഥിരത യുടെയും ലക്ഷണങ്ങളാണു്. അതുകൊണ്ടു്, ശ്രീമതി ഇന്ദിരാ ഗാന്ധിയ്ക്കു് അധികാരത്തിലേയ്ക്കു് തിരിച്ചുവരുന്നതിനു് ലഭിച്ചിരുന്ന ഭൂരിപക്ഷം രാജ്യത്തു ദീർഘനാളത്തെ രാഷ്ട്രീയസുസ്ഥിരത സ്വാഭാവിക മായും പ്രദാനം ചെയ്യുമെന്നോ പ്രതിസന്ധികഠം നിറഞ്ഞ മുതലാളിത്ത സംവിധാനത്തിൽ ജനാധിപത്യ ഭരണ യന്ത്രം നിർബാധം പ്രവർത്തിക്കു മെന്നോ പ്രതീക്ഷിക്കുന്നതു് വൃഥാവിലാവും. ഇപ്പോഴത്തെ സംവിധാന ത്തിൽ പരിമിതമായ രൂപത്തിൽ നമുക്കുള്ള ജനാധിപത്യത്തിനുപോലും വീണ്ടും ഗുരുതരമായ ഭീഷണി ഉണ്ടാകാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ടു്.

ഏതാണ്ടു് മൂന്നിൽ രണ്ടോളം വരുന്ന ഇതേ ഭൂരിപക്ഷത്തോടുകൂടി തന്നെയാണു് 1971-ലെ തിരഞ്ഞെടുപ്പിലും ശ്രീമതി ഇന്ദിരാഗാന്ധി അധി കാരത്തിൽ വന്നതെന്ന കാര്യം വിസ്മരിച്ചുകൂടാ. 1974, 75 കളിൽ പല സംസ്ഥാനങ്ങളിലും അഖിലേന്ത്യാ വ്യാപകമായും സാധാരണ ജനങ്ങളുടെ വമ്പിച്ച മുന്നേററങ്ങളുടെ രൂപത്തിൽ ഒരു രാഷ്ട്രീയ ഭീഷണി ശ്രീമതി

ഗാന്ധിയുടെ ഭരണാധികാരത്തിനു് നേരെ ഉണ്ടാകുന്നതിനു് അതു് തടസ്സമായിരുന്നില്ല. 1975-ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച ജനാധിപത്യത്തെ തകിടം മറിക്കുന്നതിനും അതു് ഇന്ദിരാഗാന്ധിക്കു് പ്രതിബന്ധമായിരുന്നില്ല. പിന്നീടു് വലിയ രാഷ്ട്രീയ മുന്നേററങ്ങളും മാററങ്ങളും ഒന്നിനുപിറകേ ഒന്നായി അതിവേഗം നടക്കുകയുണ്ടായി.

1977-ലെ പാർലമെൻററി തെരഞ്ഞെടുപ്പിൽ ശ്രീമതി ഗാന്ധി സമ്പൂർണ്ണമായി പരാജയപ്പെട്ടു; ജനതാപാർട്ടി അധികാരത്തിൽ വരികയും തകരുകയും അധികാരത്തിൽനിന്നു് പുറത്തു് പോവുകയും ചെയ്തു; ശ്രീമതി ഗാന്ധി വീണ്ടും അധികാരത്തിൽ വന്നു. ഇന്ത്യൻ ബൂർഷ്വാ ജനാധിപത്യവും മുതലാളിത്തവും നിത്യമായ അസ്ഥിരതയുടെയും രാഷ്ട്രീയ പ്രതിസന്ധികളുടെയും ഘട്ടത്തിലെത്തിയിരിക്കുകയാണെന്നും രാജ്യത്തിൻെറ ദുർബ്ബലവും അവികസിതവുമായ മുതലാളിത്ത സംവിധാനത്തിൻെറ ചട്ടക്കൂട്ടിനകത്തു നിന്നുകൊണ്ടു് ഈ അസ്ഥിരതകൾക്കും പ്രതിസന്ധികൾക്കും പരിഹാരമുണ്ടാക്കാൻ സാദ്ധ്യമല്ലെന്നുമാണു് ഇതെല്ലാം വ്യക്തമാക്കുന്നതു്.

## 4. ഇന്ത്യൻ മുതലാളിത്തത്തിൻെറ പ്രതിസന്ധി

1960 കളുടെ മദ്ധ്യത്തിൽ ഇന്ത്യൻ മുതലാളിത്വം അപ്രതിഹതമായ സാമ്പത്തിക പ്രതിസന്ധിയുടെ അതിദീർഘമായ ഒരു ഘട്ടത്തിൽ അകപ്പെടുകയും ''നിശ്ചലതയുടെയും അധഃപതനത്തിൻെറയും'' ദൂഷിതവലയത്തിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നതായി ആർ. എസ്. പി. യുടെ പത്താം ദേശീയ സമ്മേളനത്തിൻെറ രാഷ്ട്രീയ റിപ്പോർട്ടും തീസിസും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്ന ലോക മുതലാളിത്തത്തിനു് ഉണ്ടായിട്ടുള്ള പൊതുവായ പ്രതിസന്ധിയുടെയും അധഃപതനത്തിൻെറയും രൂക്ഷതയിൽ നിന്നുണ്ടായിട്ടുള്ള പല കാരണങ്ങൾ മൂലമാണു് ഇങ്ങനെ സംഭവിച്ചതു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ് ഗവണ്മെൻറുകൾ സ്വീകരിച്ചു വന്ന മുതലാളിത്ത വികസനപാതയും യുദ്ധകാല സാമ്പത്തികാവസ്ഥ സൃഷ്ടിച്ചിരുന്ന ദുർഘടങ്ങളും സമ്മർദ്ദങ്ങളും 1962 ലെ ഇന്ത്യാ-ചൈനാ യുദ്ധവും 1965 ലും 1970 ലും നടന്ന ഇന്ത്യാ-പാകിസ്ഥാൻ യുദ്ധങ്ങളും ആവശ്യമാക്കിത്തീർത്ത പ്രതിരോധസന്നാഹങ്ങളുടെ ഭാരവും കമ്മി ബഡ്ജററു്

സമ്പ്രദായവും നാണയപ്പെരുപ്പവുംവഴി പ്രതിരോധത്തിൻെറയും വികസന ത്തിൻെറയും വർദ്ധമാനമായ ഭാരം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ മേൽ ചുമത്താനുള്ള കോൺഗ്രസ് മുതലാളിത്ത വർഗ്ഗത്തിൻെറ കരുതിക്കൂട്ടി യുള്ള നയവും സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷതവർദ്ധിപ്പിച്ചു. ഇതു് കോൺഗ്രസിൻെറ നയങ്ങളെപ്പററി ഉണ്ടായിക്കഴിഞ്ഞിരുന്ന മോഹഭംഗ ത്തിൻെറ ആഴം കൂട്ടുന്നതിനും കോൺഗ്രസ് ഭരണത്തിനെതിരെയുള്ള ബഹു ജനമുന്നേററങ്ങളുടെയും പ്രക്ഷോഭണങ്ങളുടെയും ആക്കം വർദ്ധിപ്പിക്കുന്നതി നുമിടയാക്കി. കോൺഗ്രസ് ബൂർഷ്വാസിക്കു് രാഷ്ട്രീയ പ്രതിസന്ധിയു ടെയും അസ്ഥിരതയുടെയും 1967 ലെ നാലാമത്തു് പൊതുതെരഞ്ഞെടു പ്പിനെ തുടർന്നു് അവരുടെ അധികാരത്തിൻെറ അടിത്തറയ്ക്കു് നേരെയുള്ള വെല്ലുവിളികളുടെയും പെട്ടെന്നുള്ള വളർച്ചക്കു് ഈ വസ്തുതകൾ വഴി തെളിച്ചു.

അന്നത്തെ പ്രധാനമന്ത്രി എന്ന നിലയിൽ കോൺഗ്രസ് സംഘടന യിൽ 1969-ൽ ഒരു പിളർപ്പുണ്ടാക്കിയും പാർട്ടിയുടെ പഴയ യാഥാസ്ഥി തിക നേതൃത്വവുമായുള്ള ബന്ധം വിച്ഛേദിച്ചും ശ്രീമതി ഇന്ദിരാഗാന്ധി ഈ പ്രതിസന്ധി താല്ക്കാലികമായി തരണം ചെയ്തു. സാധാരണ ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടി ബാങ്ക്ദേശസാൽക്കരണം, പഴയ നാട്ടുരാജാക്കന്മാരുടെ പ്രിവിപഴ്സ് നിർത്തലാക്കൽ തുടങ്ങിയ ഇടതു ചായ്വുള്ളതും ജനങ്ങൾ ഇഷ്ടപ്പെടുന്നതുമായ ചില നടപടികൾ അവർ സ്വീകരിക്കുകയും ചെയ്തു. അതു കഴിഞ്ഞു് പാർലമെൻറു് പിരിച്ചുവിട്ടു് ജനങ്ങളിൽ നിന്നു് പുതിയൊരു രാഷ്ട്രീയ മാൻഡേററു് നേടുന്നതിനും "ഗരീബി ഹഠാവോ" "ജനാധിപത്യ സോഷ്യലിസം" എന്നീ ഇടതു പക്ഷ മുദ്രാവാക്യങ്ങളുമായി 1971-ൽ ഇടക്കാല തിരഞ്ഞെടുപ്പിനെ അഭി മുഖീകരിക്കുന്നതിനും അവർ തയ്യാറെടുക്കുകയും ചെയ്തു. ഈ മുദ്രാവാക്യ ങ്ങളെ അടിസ്ഥാനമാക്കി പാർലമെൻറിലേയ്ക്കും പിന്നീടു് നിയമസഭ കളിലേയ്ക്കും നടന്ന തെരഞ്ഞെടുപ്പുകളും ബംഗ്ലാദേശ് കുഴപ്പങ്ങളെ തുടർന്നു് പാക്കിസ്ഥാനെതിരെ ഇന്ത്യനടത്തിയ യുദ്ധത്തിലുണ്ടായ വിജയവും പാകിസ്ഥാൻെറ വിഘടനവും പഴയ പൂർവ പാകിസ്ഥാനിൽ സ്വതന്ത്രവും പരമാധികാരവുമുള്ള ബംഗ്ലാദേശ് സ്ഥാപിതമായതും സൃഷ്ടിച്ച ദേശാഭി മാനപരവും വർഗ്ഗീയവും ദേശീയവും രാഷ്ട്രീയവുമായ വികാരങ്ങളും രാഷ്ട്രീയ പ്രതിസന്ധിയുടെ പ്രഥമഘട്ടം താൽക്കാലികമായി തരണം ചെയ്യുന്നതിനും തൻെറ നേതൃത്വത്തിൽ കോൺഗ്രസ്സിൻെറ അധികാര കുത്തക പുനഃസ്ഥാപിക്കുന്നതിനും അവരെ സഹായിച്ചു. പശ്ചിമബംഗാ ളിലെന്നപോലെ ആവശ്യമെന്നു് തോന്നിയ സ്ഥലങ്ങളിൽ തിരഞ്ഞെടു പ്പിൽ കൃത്രിമം കാണിക്കുന്നതിനും പ്രതിപക്ഷകക്ഷികളെ അടിച്ചമർത്തു ന്നതിനും തൻെറ പാർട്ടിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവരുന്ന തിനും പോലീസിൻെറയും രഹസ്യപോലീസിൻെറയും സഹായമുള്ള

സായുധഗുണ്ടകളെയും ഫാസിസ്റ്റ് സ്വഭാവമുള്ള യുവജനസംഘങ്ങളെയും നിയോഗിക്കുകയും ചെയ്തിരുന്നു.

## 5. 1971-നു ശേഷം ആവിർഭവിച്ച പുതിയ പ്രതിസന്ധി സാഹചര്യങ്ങൾ

1971-ൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ പുനരുദ്ധരിക്കപ്പെട്ട കോൺഗ്രസ്സ് അധികാരത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ടപ്പോഴുണ്ടായിരുന്ന വമ്പിച്ച ഭൂരിപക്ഷമോ അന്നത്തെ തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനു് അവർക്കു് സഹായകരമായിത്തീർന്ന ''ഗരീബി ഹഠാവോ'' തുടങ്ങിയ ഇടതു ചായ്‌വുള്ള മുദ്രാവാക്യങ്ങളോ ദേശീയ സാമ്പത്തികസ്ഥിതിയെ ഗ്രസിച്ചിട്ടുള്ള ആപൽസന്ധിയുടെ ആഴം കുറയ്ക്കുന്നതിനു പ്രയോജനകരമായിത്തീരുകയില്ലെന്നു പ.ത്താം ദേശീയസമ്മേളനത്തിന്റെ രാഷ്ട്രീയറിപ്പോർട്ടും തീസിസ്സും ചൂണ്ടിക്കാണിച്ചിരുന്നു. അടുത്ത ഏതാനും വർഷങ്ങൾക്കകം അവരുടെ കക്ഷിയേയും രാജ്യത്തെയും ബാധിച്ച രാഷ്ട്രീയ പ്രതിസന്ധിയുടെയും അനിശ്ചിതത്വത്തിന്റെയും പുതിയഘട്ടം ഒഴിവാക്കാൻ ഈ തന്ത്രങ്ങൾ അവർക്കു് സഹായകമായതുമില്ല.

1971 ലും 1972 ലും നടന്ന പാർലമെന്റു്-നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുശേഷം പാർലമെന്റിലോ സംസ്ഥാന നിയമസഭകളിലോ ശക്തമായ പ്രതിപക്ഷമില്ലായിരുന്നു എങ്കിലും ഒരു വർഗ്ഗം എന്ന നിലയിൽ ഇന്ത്യൻ ബൂർഷ്വാസിയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും രാഷ്ട്രീയാധികാരം സുസ്ഥാപിതമായതായോ പ്രയാസങ്ങളിൽ നിന്നു വിമുക്തമായിത്തീർന്നതായോ കരുതരുതെന്നു് 1972 അവസാനവും 1973 ആദ്യവുമായി നടന്ന കഴിഞ്ഞ പാർട്ടി സമ്മേളനം അനുസ്മരിപ്പിച്ചിരുന്നു. കോൺഗ്രസ് ഭരണം നടന്നുവന്ന പല വലിയ സംസ്ഥാനങ്ങളിലും ആഭ്യന്തരകലഹങ്ങളും ഗ്രൂപ്പുവഴക്കുകളും ഭീഷണികളുയർത്തി. അസ്ഥിരതയിലേയ്ക്കു വഴിതെളിച്ചതു് ഇങ്ങിനെ പുറത്തുവന്ന വിനാശകരമായ വിഭാഗീയ വഴക്കുകൾ മാത്രമായിരുന്നില്ല. സാമ്പത്തിക പ്രതിസന്ധി മൂർച്ഛിച്ചതും നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള ദരിദ്രരും അദ്ധ്വാനിക്കുന്ന വിഭാഗക്കാരും സാധാരണ ജനങ്ങളും അനുഭവിച്ചുവന്ന വർദ്ധമാനമായ ബുദ്ധിമുട്ടുകളും അവരുടെ പ്രതിഷേധങ്ങൾ കോൺഗ്രസ്സിനെതിരായ ബഹുജന പ്രസ്ഥാനങ്ങളിലെത്തിച്ചേർന്നതുമായിരുന്നു അതിനെല്ലാം ഉപരിയായ കാരണങ്ങൾ. വളരെവേഗം തന്നെ കോൺഗ്രസ്സിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരായ വ്യാപകവും സ്വയം പൊട്ടിപ്പുറപ്പെടുന്നതുമായ ജനകീയ സമരങ്ങളുടെ ശബ്ദഘോഷങ്ങളും ചലനങ്ങളും അനുഭവപ്പെട്ടുതുടങ്ങി. ഈ ബഹുജന പ്രസ്ഥാനങ്ങൾ 1973-74-ൽ ആദ്യം ഗുജറാത്തിലും പിന്നീടു് ബീഹാറിലും വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള ബഹുജന മുന്നേററ

ങ്ങളായി പൊട്ടിത്തെറിച്ചു. ഈ പ്രസ്ഥാനങ്ങളുടെ വിവിധ കൈവഴികൾ ഒടുവിൽ ശ്രീ. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള അതിബൃഹത്തായ ദേശീയ ബഹുജന പ്രസ്ഥാനമായി ഒന്നിച്ചുചേരുകയും ചെയ്തു. മിക്ക ബൂർഷ്വാ പ്രതിപക്ഷ കക്ഷികളും ഈ പ്രസ്ഥാനത്തിൽ പങ്കുചേർന്നു.

## 6. അടിയന്തിരാവസ്ഥയും 1975 ലെ സ്വേച്ഛാധിപത്യ ഭരണവും

തെരഞ്ഞെടുപ്പിൽ അഴിമതി കാട്ടി എന്ന കുററം ചുമത്തി ശ്രീമതി ഇന്ദിരാഗാന്ധി എം. പി. ആയി തുടരുന്നതിനു് അയോഗ്യത കല്പിച്ചുകൊണ്ടു് 1975 ജൂണിൽ അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചതിനെത്തുടർന്നു് ഈ ബഹുജനപ്രസ്ഥാനത്തിനു് പുതിയൊരു മുന്നേററമുണ്ടാവുകയും ശ്രീമതി ഗാന്ധിയെ അധികാരത്തിൽ നിന്നു നിഷ്കാസിതയാക്കുന്നതിനു് ബഹുജനസമരം ആരംഭിക്കുമെന്നു് അവരുടെ രാഷ്ട്രീയ പ്രതിയോഗികൾ ഭീഷണി പുറപ്പെടുവിക്കുകയും ചെയ്തു. അപ്പോഴാണു്, അടിയന്തിരാവസ്ഥ ഏർപ്പെടുത്തിയതു്. തുടർന്നു് ഫാസ്സിസ്ററു് മാതൃകയിലുള്ള സ്വേച്ഛാധിപത്യ മർദ്ദനഭരണം രണ്ടുവർഷക്കാലം നടക്കുകയുണ്ടായി. ആ ചരിത്രം പൊതുവേ എല്ലാവർക്കും അറിവുള്ളതാണു്.

പൗരസ്വാതന്ത്ര്യങ്ങളെ പരിമിതപ്പെടുത്തിയും രാഷ്ട്രീയ പ്രതിയോഗികളെയും ഇടതുപക്ഷ ചായ്‌വുണ്ടെന്നു സംശയിക്കപ്പെടുന്നവരേയും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കുന്നതിനു് അധികാരം നൽകുന്ന അക്രമപ്രവർത്തനങ്ങൾ തടയൽ നിയമം, ആഭ്യന്തരസുരക്ഷിതത്വനിയമം തുടങ്ങിയ നിയമങ്ങളേർപ്പെടുത്തിയും ഭരണാധികാരത്തെ കൂടുതൽ കൂടുതൽ ഫാസിസ്ററു സ്വഭാവമുള്ളതാക്കിത്തീർക്കാൻ, മുതലാളിത്ത പ്രതിസന്ധിയുടെയും വർദ്ധിച്ചു വരുന്ന ബഹുജന സമരങ്ങളുടെയും രാഷ്ട്രീയമായ എതിർപ്പിന്റെയും പശ്ചാത്തലത്തിൽ, 1975-നു് മുമ്പു് മുതൽ തന്നെ ഭരണകക്ഷിയും ഭരണവർഗ്ഗവും നീങ്ങിത്തുടങ്ങിയിരുന്നുവെന്നതാണു് നാം കണക്കിലെടുക്കേണ്ട പ്രധാനപ്പെട്ടകാര്യം. പത്രങ്ങളുടെ വായടക്കുവാൻ പുതിയ എക്സ്ക്യൂട്ടീവ് നടപടികൾ സ്വീകരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അധികാര സ്ഥാനങ്ങൾക്കെതിരെയുണ്ടാകുന്ന ശക്തമായ ബഹുജന പ്രസ്ഥാനങ്ങളെയും തൊഴിലാളി കർഷക വിഭാഗങ്ങളുടെ സമരങ്ങളെയും അടിച്ചമർത്തുന്നതിനു് ഗവണ്മെൻറു് കൂടുതലായി സി. ആർ. പി., ബി. എസ്. എഫ്. തുടങ്ങിയ അർദ്ധസൈനിക വിഭാഗങ്ങളെയും (സംസ്ഥാനങ്ങളിൽ ഇത്തരം പ്രത്യേക സായുധസേനാ വിഭാഗങ്ങളെയും) ആശ്രയിച്ചുതുടങ്ങി. ഈ വിഭാഗങ്ങളുടെ സംഖ്യാബലം വളരെവേഗം വർദ്ധിപ്പിക്കുകയും ചെയ്തു. അലഹബാദ് ഹൈക്കോടതി വിധി വരുന്നതിനും ശ്രീമതി ഗാന്ധി പ്രധാനമന്ത്രിപദം രാജിവക്കണം

എന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രതിപക്ഷ കക്ഷികളുടെ സംയുക്ത പ്രസ്ഥാനത്തിൻെറ രൂപത്തിൽ സ്വന്തം അധികാരത്തിനെതിരേയുള്ള ഏററവും പുതിയ ഭീഷണി ഉയരുന്നതിനും മുമ്പുതന്നെ ഇതാരംഭിച്ചിരുന്നു. 1973 ആദ്യം തന്നെ ആർ. എസ്. പി. യുടെ പത്താം ദേശീയ സമ്മേളനത്തിൻെറ റിപ്പോർട്ട് ഈ പ്രവണതയിലേയ്ക്ക് പാർട്ടിയുടെയും ഇടതുപക്ഷ പ്രസ്ഥാനത്തിൻെറയും ശ്രദ്ധ ക്ഷണിച്ചിരുന്നു. വളരെ മുമ്പ് ആരംഭിച്ചിരുന്ന ഒരു പ്രക്രിയയുടെ അന്തിമരൂപമായിട്ടാണ് 1975-ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതും എല്ലാ ജനാധിപത്യ സ്വാതന്ത്ര്യങ്ങളെയും സ്വേച്ഛാധിപത്യ രീതിയിൽ അടിച്ചമർത്തിയതും.

## 7. ഇരുപതിന പരിപാടി

ഇരുപതിനപരിപാടിയുടെ ഇടതുതന്ത്രസ്വഭാവമുള്ള ഒരു രാഷ്ട്രീയ മറയുണ്ടാക്കി മുതലാളിത്തത്തിന് അനുകൂലമായ അടിയന്തിരാവസ്ഥയുടെ വർഗ്ഗസ്വഭാവം മറച്ചുപിടിക്കുന്നതിന് ശ്രീമതി ഗാന്ധി ഒരു ശ്രമം നടത്തി. അത്യാവശ്യ സാധനങ്ങളുടെ വിലനിലവാരം താഴ്ത്തുക, ഗ്രാമപ്രദേശങ്ങളിൽ ഭൂപരിധി ഏർപ്പെടുത്തുക, മിച്ചഭൂമി ഭൂരഹിതർക്ക് വീതിച്ചുകൊടുക്കുക, ഹരിജനങ്ങളെ ഉദ്ധരിക്കുക മുതലായ കാര്യങ്ങൾ ഇരുപതിന പരിപാടി വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഈ പരിപാടിയിൽ മിക്കതും കടലാസിൽ അവശേഷിക്കുകയാണുണ്ടായത്. ബോണസ് ആക്ടും 8.33 ശതമാനം മിനിമം ബോണസ് ലാഭനഷ്ട പരിഗണനയില്ലാതെ ലഭിക്കാനുള്ള തൊഴിലാളികളുടെ അവകാശവും നിഹനിച്ചതും തൊഴിലാളി—കർഷക വിഭാഗങ്ങളുടെ എല്ലാ രൂപത്തിലുമുള്ള ശക്തമായ സംഘടനകളെയും പ്രക്ഷോഭണങ്ങളെയും രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും അടിച്ചമർത്തിയതും കുത്തകകൾക്കും മുതലാളിമാർക്കും ഭൂപ്രഭുക്കന്മാർക്കും അനുകൂലമായ അടിയന്തിരാവസ്ഥ ഭരണത്തിൻെറ സ്വഭാവങ്ങളും ലക്ഷ്യങ്ങളും വേണ്ടത്ര വ്യക്തമാക്കുകയുണ്ടായി.

## 8. 1977—78 : ജനതയുടെ പ്രവേശനവും തിരോധാനവും

രണ്ടുവർഷം കഴിഞ്ഞ് ശ്രീമതി ഗാന്ധിക്ക് വേണ്ടത്ര ആത്മവിശ്വാസവും ഉറപ്പും ഉണ്ടാവുകയും ഭരണഘടന ഭേദഗതി ചെയ്ത തൻെറ സ്വന്തം ശക്തിക്കും രാഷ്ട്രീയ അധികാരത്തിനും ഉറപ്പുള്ള അടിത്തറ സൃഷ്ടിച്ചു കഴിയുകയും ചെയ്തപ്പോൾ തൻെറ നയങ്ങൾക്കുള്ള ദേശീയ ജനാധിപത്യ പിന്തുണ കാണിക്കുന്നതിനായി 1977-ൽ അവർ പാർലമെൻറ് പിരിച്ചുവിട്ട് ഒരു പൊതു തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. ജയിലുകളിൽ അടയ്ക്കപ്പെട്ടിരുന്ന പ്രതിപക്ഷ നേതാക്കന്മാരെ മോചിപ്പിക്കുകയും തിര

ഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അവരെ അനുവദിക്കുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പിന്റെ ഫലം ഏവർക്കും അറിവുള്ളതാണ്. ശ്രീമതി ഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ ദുരധികാര പ്രമത്തമായ ഭരണത്തോടുള്ള രോഷവും സ്വാതന്ത്ര്യം അടിച്ചമർത്തപ്പെട്ടതിലും ശ്രീമതി ഗാന്ധിയുടെ കിങ്കരന്മാരും പോലീസും ഉദ്യോഗസ്ഥമേധാവിത്വവും അധികാരം വ്യാപകമായി ദുരുപയോഗം ചെയ്തതിലുമുള്ള അമർഷവുംമൂലം ജനങ്ങൾ തിരഞ്ഞെടുപ്പിൽ ശ്രീമതി ഗാന്ധിയെ പരാജയപ്പെടുത്തി.

വളരെ വലിയ പ്രതീക്ഷയോടുകൂടി ജനതാപർട്ടി കൂട്ടുകെട്ടിനെ ജനങ്ങൾ 1977-ൽ അധികാരത്തിൽ അവരോധിച്ചു. രണ്ടരവർഷത്തെ അവരുടെ ഭരണത്തിന്റെ അനുഭവങ്ങളുടെയും നേതൃത്വത്തിലെ പരസ്യമായ വഴക്കുകളുടെയും ചേരിതിരിവുകളുടെയും പശ്ചാത്തലത്തിൽ നടന്ന അവരുടെ ഭരണം ജനങ്ങൾക്കുസമ്പൂർണ്ണമായമോഹഭംഗമാണുണ്ടാക്കിയത്. ഇതിലും മെച്ചപ്പെട്ടതോ വിശ്വസനീയമായതോ ആയ രാഷ്ട്രീയപോംവഴിയുടെ അഭാവത്തിൽ ജനങ്ങൾ ശ്രീമതി ഇന്ദിരാഗാന്ധിയെയും അവരുടെ പാർട്ടിയായ ഇന്ദിരാകോൺഗ്രസ്സിനെയും വീണ്ടും അധികാരത്തിൽ കൊണ്ടുവരുന്നതിനും രാജ്യം ഭരിക്കുന്ന ചുമതല അവരുടെ കൈകളിലർപ്പിക്കുന്നതിനും തീരുമാനിച്ചു.

ജനതാപാർട്ടി രാജ്യകാര്യങ്ങൾ തീർത്തും തെററായ രീതികളിൽ കൈകാര്യം ചെയ്തതും നേതാക്കന്മാർ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി നിരന്തരമായി തമ്മിൽ മത്സരിക്കുകയും കലഹിക്കുകയും ചെയ്തതും ജനങ്ങളിൽ ബഹുഭൂരിപക്ഷം ജനതാപാർട്ടിയിൽ നിന്നും (അതിൽനിന്നും തെററിപ്പിരിഞ്ഞ ജനതാ(എസ്) അഥവാ ലോക്ദൾഘടകത്തിൽനിന്നും) അകന്നുപോയി എന്നാണ് പാർലമെൻറ് തിരഞ്ഞെടുപ്പുഫലം തെളിയിച്ചത്. ജനതാപാർട്ടി അവിഭക്തമായിരിക്കുമ്പോൾ തന്നെ ഗ്രൂപ്പുമത്സരങ്ങളും വിഭാഗങ്ങൾ തമ്മിലുള്ള ഏററുമുട്ടലുകളും പാർട്ടിയുടെ പുറത്തറിഞ്ഞുകൊണ്ടിരുന്നു. വിനാശകരമായ ഈ തമ്മിൽ തല്ലാണ് പാർട്ടി രണ്ടാകുന്നതിനും അധികാരത്തിൽ നിന്ന് നിഷ്കാസിതമാകുന്നതിനും ഒടുവിൽ ആറാം ലോക്സഭ പിരിച്ചുവിടുന്നതിനും ഇടയാക്കിത്തീർത്തത്.

## 9. ജനതയുടെയും ലോക്ദളിന്റെയും പരാജയത്തിനുള്ള കാരണങ്ങൾ

ജനതാപാർട്ടി അധികാരത്തിൽ പ്രവേശിച്ചയുടനെ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനും ഭരണഘടനയുടെ ജനാധിപത്യ സ്വഭാവത്തിൽ മുൻ കോൺഗ്രസ് ഗവണ്മെൻറുണ്ടാക്കിയ വികലതകൾ പരിഹരിക്കുന്നതിനുമുള്ള ശ്രദ്ധേയമായ ചില നടപടികൾ സ്വീകരിച്ചു എന്നതു നേരാണ്.

ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക പരിഹാരമുണ്ടാക്കി വാഗ്ദാനം ചെയ്തിരുന്നതുപോലെ, അവരുടെ ദയനീയമായ നില ഉയർത്താൻ കഴിയാത്തതും രാജ്യത്തെ സാമ്പത്തിക സ്ഥിതി തുടർച്ചയായി വഷളായതും 1979-ലെ ഭാരിച്ച നികുതി നിർദ്ദേശങ്ങളുടെ ഫലമായി വിലനിലവാരത്തിലുണ്ടായ കുത്തനെയുള്ള വർദ്ധനവും ജനതയും ലോക്ദളും ഭരിച്ചിരുന്ന സംസ്ഥാനങ്ങളിൽ നിയമ സമാധാനനില തകരാറിലായതും വരൾച്ച മൂലം ഖരിഫ്‌വിള നഷ്ടപ്പെട്ടപ്പോൾ ഗ്രാമീണ ജനതയ്ക്കും കർഷകർക്കും വേണ്ടത്ര സംരക്ഷണം നൽകാൻ കഴിയാഞ്ഞതും വോട്ടറന്മാരെ ജനതാ പാർട്ടിക്കും ലോക്ദളിനും എതിരാക്കിത്തീർക്കുക തന്നെ ചെയ്തു. കാൺപൂരിലെ സ്വദേശി കോട്ടൺമില്ലിലെ തൊഴിലാളികളെ കൂട്ടക്കൊല ചെയ്യുകയും പന്ത് നഗറിലെ കർഷകത്തൊഴിലാളികളെയും മദ്ധ്യപ്രദേശിലെ ഉരുക്കു ഖനി തൊഴിലാളികളെയും വെടിവച്ചു കൊല്ലുകയും ചെയ്ത ജനതാ ഗവണ്മെൻറ് 1977-ലും 1978-ലും തൊഴിലാളി സമരങ്ങളെ ക്രൂരമായി അടിച്ചമർത്തുന്നതു വഴി അവരുടെ ഭരണത്തിൻെറ നഗ്നമായ മുതലാളിത്ത സ്വഭാവം വെളിപ്പെടുത്തുകയുണ്ടായി.

ഭരണം കാര്യക്ഷമമമായി നടത്തുന്നതിനോ കഷ്ടതയിൽ കഴിയുന്ന ജനങ്ങൾക്ക സഹായമോ ആശ്വാസമോ നൽകുന്നതിനോ ജനതാപാർട്ടിയ്ക്കും ലോക്ദളിനും ഉള്ള കഴിവിനെ സംബന്ധിച്ച വിശ്വസനീയത അവർ അധികാരത്തിലിരുന്ന കാലത്ത് വളരെയേറെ ഇല്ലാതായി. ഇന്ദിരയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഈ സാഹചര്യം പൂർണ്ണമായും തങ്ങൾക്ക് അനുകൂലമായി പ്രയോജനപ്പെടുത്തി. ഇടതുപക്ഷ കക്ഷികൾക്ക് ശക്തവും ഉറപ്പുള്ളതുമായ ബഹുജന പിന്തുണയുള്ള ത്രിപുര, പശ്ചിമബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങളൊഴികെ മിക്ക സംസ്ഥാനങ്ങളിലും സമ്മതിദായകരെ തങ്ങളുടെ വശത്താക്കാൻ ഇന്ദിരാകോൺഗ്രസിന് കഴിഞ്ഞു.

ജനതാഭരണം നടന്നു വന്ന ചില വലിയ സംസ്ഥാനങ്ങളിൽ ജനതാ പാർട്ടി നേതൃത്വത്തിൽ ആധിപത്യം വഹിച്ചിരുന്നതു ജനസംഘവും ആർ. എസ്. എസ്സും ആയിരുന്നു. ഇതു മുസ്ലീങ്ങളെയും ഹരിജനങ്ങളെയും ജനതയിൽ നിന്നകററുന്നതിനിടയാക്കി. അലിഗർ, ജംഷഡ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജനതാഭരണകാലത്തു നടന്ന ഹിന്ദു മുസ്ലീം വർഗ്ഗീയ ലഹളകൾ വലിയവിഭാഗം മുസ്ലീങ്ങളിൽ അരക്ഷിതബോധം ഉളവാക്കുകയും ആശ്വാസത്തിനുവേണ്ടി അവർ ഇന്ദിരാകോൺഗ്രസിനെ ഉററുനോക്കുകയും ചെയ്തു. ബീഹാറിലെയും ഉത്തർപ്രദേശിലെയും ഗ്രാമപ്രദേശങ്ങളിൽ സവർണ്ണ ജാതിക്കാരായ ഭൂസ്വാമിമാർ ഹരിജനങ്ങളെ കൂട്ടക്കൊലചെയ്തതു് ഹരിജനങ്ങളെയും ജനതാ പാർട്ടിയ്ക്കും ലോക്ദളിനും എതിരാക്കിത്തീർത്തു. ലോക്ദളിൽ ജാട്ടുകളും ഇടവിഭാഗമമെന്നു പറയപ്പെടുന്ന പിന്നോക്കവിഭാഗങ്ങളും സ്വാധീനത്തിലേയ്ക്കുയന്നതു് മററു ജാതികളിലും സമുദായങ്ങളിലും പെട്ടവരെ ലോക്ദളിനെതിരാക്കിത്തീർക്കുകയും ചെയ്തു.

## 10 ഇന്ദിരാകോൺഗ്രസ് എന്തുകൊണ്ടുവിജയിച്ചു

ജനതാപാർട്ടിയുടെ ശിഥലീകരണത്തിനുശേഷം ഈ ഘടകങ്ങളെല്ലാം ഒത്തുചേർന്നു പാർട്ടിയുടെ രണ്ടുവിഭാഗങ്ങളായ ലോക്ദളിനും അവശിഷ്ടജനതാ പാർട്ടിയ്ക്കുമുണ്ടായിരുന്ന ജനപിന്തുണയുടെ ഇടിവിൻെറ വേഗത വർദ്ധിപ്പിച്ചു. ശ്രീമതി ഇന്ദിരാഗാന്ധി മുമ്പുചെയ്ത തെററുകളെയും അടിയന്തിരാവസ്ഥക്കാലത്തെ അക്രമങ്ങളെയും കുറിച്ചുള്ള സ്മരണകൾ മങ്ങുകയും വളരെയേറെ മറക്കപ്പെടുകയും ചെയ്തു. തമ്മിലടിക്കുന്ന ജനതാ ലോക്ദൾ നേതൃത്വങ്ങളിൽ നിന്നു് വ്യത്യസ്തമായി തങ്ങൾക്കു വിശ്വാസമർപ്പിക്കാവുന്നതും ഫലപ്രദമായൊരു രാഷ്ട്രീയ ബദൽ പ്രദാനം ചെയ്യാവുന്നതും ആയ കക്ഷിയായി ജനങ്ങളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടതു് ശ്രീമതി ഇന്ദിരാഗാന്ധിയാൽ ശക്തമായി നയിക്കപ്പെടുന്ന കോൺഗ്രസാണ്. ഇന്ദിരാ കോൺഗ്രസിനു തെരഞ്ഞെടുപ്പിൽ പിൻബലവും ഭൂരിപക്ഷവും ലഭിച്ചതിൻെറ കാരണങ്ങളിതൊക്കെയാണ്. പലയിടങ്ങളിലും ജനതയും ലോക്ദളും കോൺഗ്രസു (യു) ം തമ്മിലുണ്ടായ ത്രികോണമത്സരം ഇന്ദിരാ കോൺഗ്രസ് വിരുദ്ധവോട്ടുകൾ വിഭജിച്ചുപോകുന്നതിനിടനൽകി. ഇതും ഇന്ദിരാ കോൺഗ്രസ് സ്ഥാനാർത്ഥികൾ പ്രയാസം കൂടാതെ വിജയം കരസ്ഥമാക്കുന്നതിനു കാരണമായിത്തീർന്നു.

എല്ലാററിനുമുപരിയായി ഇന്ദിരാഗാന്ധി എന്ന ഒരൊററ വ്യക്തിയാൽ മാത്രം നയിക്കപ്പെടുന്ന കാര്യക്ഷമവും സുദൃഢവുമായ ഒരു പാർട്ടി സംഘടന ഉണ്ടെന്ന പ്രത്യേക ആനുകൂല്യം ഇന്ദിരാ കോൺഗ്രസിനുണ്ടായിരുന്നു. ദുർബലമായിത്തീർന്ന അവശിഷ്ട ജനതാപാർട്ടിയേയും ലോക്ദളിനേയും കാൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ശക്തമായ ഒരു ഗവണ്മെൻറ് കേന്ദ്രത്തിൽ അധികാരത്തിൽ വരണമെന്നു്, തങ്ങളുടെ സ്വന്തം കാരണങ്ങളാൽ, ആഗ്രഹിച്ച വൻകിട വ്യവസായികളുടെയും കുത്തക വ്യവസായ കുടുംബങ്ങളുടെയും ഗണ്യമായ ഒരു വിഭാഗത്തിൻെറ പിന്തുണയും ഇന്ദിരാ കോൺഗ്രസിനുണ്ടായിരുന്നു. ഇതിൻെറയെല്ലാം ആകെക്കൂടിയുള്ള ഫലമാണ് ഇന്ദിരാഗാന്ധിക്കനുകൂലമായ ചലനം സമ്മതിദായകരിൽ ഉണ്ടായതും അവരുടെ പാർട്ടിക്കു് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരാൻ സാധിച്ചതും.

## 11. ഇന്നത്തെ പ്രധാന രാഷ്ട്രീയ വിപത്തു്

അടിയന്തിരാവസ്ഥ കാലത്തെ നയങ്ങൾക്കും ദുഷ്കൃത്യങ്ങൾക്കും ലഭിച്ച അംഗീകാരമായി പാർട്ടി നേതൃത്വത്തിലെ തല്പരകക്ഷികൾ ഇന്ദിരാകോൺഗ്രസിനു് ഉണ്ടായ തുത്തടിച്ച വിജയത്തെ വ്യാഖ്യാനിക്കുവാൻ ഇതിനകം തന്നെ തുടങ്ങിയിട്ടുണ്ടെന്നതാണ് അതുമൂലമുണ്ടാകുന്ന പ്രധാന രാഷ്ട്രീയ വിപത്തു്. അടിയന്തിരാവസ്ഥക്കാലത്തെ അതിക്രമങ്ങ

ളുടെ ഉത്തരവാദികളും അവരുടെ പാർശ്വവർത്തികളും സംഖ്യാബലത്തോടു കൂടി പാർലമെൻറിലേക്ക് തിരിച്ചുവന്നിട്ടുണ്ടെന്നതു് ഒരു വസ്തുതയാണ്. ഇവരിലാരും സ്വേഛാധിപത്യപരമായ അവരുടെ വീക്ഷണരീതി ഉപേക്ഷിക്കുകയോ അവരുടെ മനോഭാവത്തിൽ എന്തെങ്കിലും മാററമുണ്ടായതായി സൂചിപ്പിക്കുകയോ ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. കഴിഞ്ഞ കാലത്തെപ്പോലെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സ്വേച്ഛാധിപത്യ ഏകകക്ഷി കുത്തകഭരണം പുനഃസ്ഥാപിക്കാനുള്ള ഔത്സുക്യം ഇവരിൽ പെട്ടെന്നുണ്ടാകും. ഇന്ദിരാ കോൺഗ്രസിൻേറതല്ലാത്ത ഗവണ്മെൻറുകളെ ഡിസ്മിസ് ചെയ്യുതും അവിടങ്ങളിലെ അസംബ്ലികൾ പിരിച്ചുവിടുതും ഈ വഴിക്കുള്ള നീക്കങ്ങളാണ്. രാജ്യം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ആഴമേറിയ സാമ്പത്തിക വൈഷമ്യങ്ങളുടെ പശ്ചാത്തലത്തിൽ, വ്യാവസായികസമാധാനവും അച്ചടക്കവും പുനഃസ്ഥാപിക്കാമെന്ന പേരിൽ തൊഴിലാളി വർഗ്ഗത്തിനും സാധാരണക്കാർക്കുമെതിരായി രൂക്ഷമായ മർദ്ദനനടപടികൾ കൈക്കൊള്ളാൻ സാദ്ധ്യതകളുണ്ട്. അതുകൊണ്ട് സ്വേച്ഛാധിപത്യം വീണ്ടും സ്ഥാപിക്കപ്പെടാനും സ്വാതന്ത്ര്യത്തിനെതിരെ കയ്യേററം നടക്കാനുമുള്ള ആപൽ സാദ്ധ്യതകൾ വീണ്ടും ആവിർഭവിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി രാജ്യത്തെ എല്ലാ ഇടതുപക്ഷ ജനാധിപത്യശക്തികളും ജാഗരൂകരായിരിക്കേണ്ടതാണ്.

## 12. ഇടതുപക്ഷ ബദൽ : പശ്ചിമ ബംഗാളും ത്രിപുരയും കേരളവും

വിശ്വാസം അർപ്പിക്കത്തക്ക ഇടതുപക്ഷ ബദൽ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ഇന്ദിരാ കോൺഗ്രസിനോ ജനതാപാർട്ടി, ലോക്ദൾ, അരശ് കോൺഗ്രസ് തുടങ്ങി ഇന്ദിരാ കോൺഗ്രസിനെ എതിർക്കുന്ന ബൂർഷ്വാ പാർട്ടികൾക്കോ ജനസമ്മതിയുടെ ആനുകൂല്യം നൽകാൻ ജനങ്ങൾ വിസമ്മതിച്ചു എന്ന കാര്യംകൂടി ലോക്സഭാ തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കി. നേരത്തേ സൂചിപ്പിച്ചതുപോലെ പശ്ചിമ ബംഗാൾ, ത്രിപുര, കേരളം എന്നീ സംസ്ഥാനങ്ങളിൽ ഇതു സംശയലേശമെന്യേ പ്രകടമായിക്കണ്ടു. തെരഞ്ഞെടുപ്പുഫലം ആകെക്കൂടി നോക്കുമ്പോൾ സി. പി. ഐ. (എം.), ആർ. എസ്. പി., ഫോർവേഡ്ബ്ലോക്ക്, സി. പി. ഐ. തുടങ്ങിയ ഇടതുപക്ഷ മാർക്സിസ്റ്റ് കക്ഷികൾക്കു സാധാരണ ജനങ്ങളുടെയും അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെയും ഇടയിൽ ശക്തിയായി വേരൂന്നാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങളിലെങ്കിലും വോട്ടർമാരുടെ ഇടയിൽ വലതുപക്ഷ ശക്തികളെയും ഇടതുപക്ഷ ശക്തികളെയും കേന്ദ്രീകരിച്ചുള്ള ധ്രുവീകരണത്തിൻെറ ആരംഭം കാണാൻ കഴിയുന്നതാണ്.

ചുരുക്കത്തിൽ, ഒരു കാര്യം ഉറപ്പിച്ചു പറയാവുന്നതാണ്. അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പൊതുവായ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സജീവമായ പൊതുജന സമ്പർക്കമുള്ള ഇടതുപക്ഷകക്ഷികൾക്ക് എവിടെയെല്ലാം യോജിക്കാനും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും കഴിഞ്ഞുവോ, അവിടങ്ങളിലെല്ലാം അദ്ധ്വാനിക്കുന്ന വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഭൂരിപക്ഷം വോട്ടറന്മാരും ഇത്തരം ഇടതുപക്ഷ ഐക്യത്തിനു പിന്നിൽ അണിനിരക്കുകയും ഇന്ദിരാകോൺഗ്രസ്, ജനതാ, ലോക്ദൾ തുടങ്ങിയ ബൂർഷ്വാ പാർട്ടികളുടെ സ്ഥാനാർത്ഥികളെ തള്ളിക്കളഞ്ഞുകൊണ്ട് ഇടതുപക്ഷ മുന്നണിയുടെ സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യുകയുംചെയ്തു.

പശ്ചിമബംഗാൾ, ത്രിപുര, കേരളം എന്നീ സംസ്ഥാനങ്ങളിൽ ഇടതുപക്ഷത്തിനു ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉണ്ടായ വിജയത്തിന്റെ പ്രധാന കാരണം ഇതാണ്. ഈ വിജയം ഇതുവരെയായി ഈ മൂന്നു സംസ്ഥാനങ്ങളിലായി ഒതുങ്ങിനിൽക്കുകയാണ്. എന്നാൽ അതു ഈ വിജയത്തിനു ദേശീയ തലത്തിലുള്ള രാഷ്ട്രീയ പ്രാധാന്യത്തെ ലഘൂകരിക്കുന്നില്ല.

## 13. ഇന്ത്യയിലെ പ്രധാന രാഷ്ട്രീയ കടമ

വിലക്കയററം, നാണയപ്പെരുപ്പം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ, ദാരിദ്ര്യം, അവികസിതാവസ്ഥ തുടങ്ങി രാജ്യത്തെ ബാധിച്ചിരിക്കുന്ന ഭീമാകാരമായ സാമ്പത്തിക പ്രശ്നങ്ങൾ നിലവിലുള്ള മുതലാളിത്ത സംവിധാനത്തിന്റെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് പരിഹരിക്കുക എന്നതു് ഇന്ത്യൻ മുതലാളിത്തത്തിന്റെ തുടർച്ചയായ പ്രതിസന്ധി അസാദ്ധ്യമാക്കിത്തീർക്കുന്നു. സാധാരണക്കാരും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളും അസ്വസ്ഥരായിക്കൊണ്ടിരിക്കുകയാണ്. അവികസിത മുതലാളിത്തത്തിന്റെ നാലു മതിലുകൾക്കകത്തു് അവർ അനുഭവിക്കേണ്ടിവരുന്ന ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽനിന്നും സാർവ്വത്രികമായ കഷ്ടപ്പാടുകളിൽനിന്നും അവരെ മോചിപ്പിക്കുന്നതിന് കഴിവുള്ള ധീരവും ഭാവനാപൂർണ്ണവും ഫലപ്രദവുമായ രാഷ്ട്രീയ നേതൃത്വത്തിനുവേണ്ടി അവർ ഉററുനോക്കുകയാണ്.

**അതുകൊണ്ടാണ് കോൺഗ്രസ്സും കോൺഗ്രസിതരവുമായ പരമ്പരാഗത ബൂർഷ്വാ പാർട്ടികളെ പുറംതള്ളുന്നതിനുകഴിവുള്ള ആധികാരികമായ ഒരു ഇടതുപക്ഷ ബദൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുകയും അതു് ജനങ്ങളുടെ മുമ്പിൽ ഉയർത്തിക്കാട്ടു**

കയും ചെയ്യേണ്ടതു് ആകമാനമുള്ള ഇടതുപക്ഷ പ്രസ്ഥാനത്തിൻെറയും മാർക്സിസ്ററു് ലെനിനിസ്ററു് കക്ഷികളുടെയും ചരിത്രപരമായ അടിയന്തിര കടമയായിത്തീർന്നിരിക്കുന്നതു്. ആ സുപ്രധാന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു് പരസ്പരം സഹകരിച്ചു് പ്രവർത്തിക്കാൻ ഇടതുപക്ഷ കക്ഷികാംക്കു് കഴിയുന്നില്ലെങ്കിൽ ഇന്ത്യയിലെ ജനങ്ങാം സ്വാതന്ത്ര്യ ലബ്ധിക്കു് മുൻപും അതിനുശേഷവും കിടന്നുഴലുന്ന മുതലാളിത്ത അവികസിതത്വത്തിൻെറയും സാർവത്രികമായ കഷ്ടപ്പാടുകളുടെയും പട്ടിണിയുടെയും ദൂഷിതവലയത്തിൽനിന്നു അവരെ മോചിപ്പിക്കാൻ കഴിയുന്നതല്ല.

## 14. കേരളത്തിലെ വിപത്തു്

പശ്ചിമബംഗാം, കേരളം, ത്രിപുര എന്നീ മൂന്നു സംസ്ഥാനങ്ങളിൽ ഫലപ്രദമായി സ്വയം ഉയർത്തിക്കാട്ടുവാനും ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ദിരാ കോൺഗ്രസിനേയും മററു ബൂർഷ്വാ പാർട്ടികളെയും തള്ളിമാററി ഭൂരിപക്ഷം കരസ്ഥമാക്കാനും ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങാംക്കു കഴിഞ്ഞുവെന്നു പറഞ്ഞുവല്ലോ. ഇവയിൽ പശ്ചിമബംഗാളിലും ത്രിപുരയിലും മാത്രമേ ബൂർഷ്വാ കക്ഷികളുടെ കൂട്ടുകെട്ടുകളുമായോ മുന്നണിസംവിധാനങ്ങളുമായോ യാതൊരു സമ്പർക്കമോ ബന്ധമോ ഇല്ലാതെ ഇടതുപക്ഷ കക്ഷികളുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ ബദൽ രൂപംകൊണ്ടിട്ടുള്ളു.

കേരളത്തിൽ അരശ് കോൺഗ്രസും മററു് ബൂർഷ്വാ ജനാധിപത്യ കക്ഷികളായ മാണിഗ്രൂപ്പ് കേരളാ കോൺഗ്രസും പിള്ള ഗ്രൂപ്പ് കേരളാ കോൺഗ്രസും ഇന്ദിരാ കോൺഗ്രസിൻെറ സ്വേച്ഛാധിപത്യത്തെ എതിർക്കാമെന്നു സമ്മതിച്ച മുസ്ലീം സാമുദായിക വിഭാഗമായ അഖിലേന്ത്യാ മുസ്ലീം ലീഗും ലോകസഭാ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കരസ്ഥമാക്കുന്നതിനുവേണ്ടി സി. പി. ഐ. (എം), സി. പി. ഐ., ആർ. എസ്. പി. എന്നീ കക്ഷികളോടു ചേർന്നു നിൽക്കുകയുണ്ടായി. സംസ്ഥാന അസംബ്ലിയിലേയ്ക്കു് പിന്നീടു് നടന്ന തെരഞ്ഞെടുപ്പിൽ നിർണ്ണായകമായ ഭൂരിപക്ഷം കരസ്ഥമാക്കി ഇന്ദിരാ കോൺഗ്രസിൻെറ സ്വേച്ഛാധികാരവാഴ്ചയിൽ നിന്നു് സംസ്ഥാന ഗവണ്മെൻറിൻെറ ഭരണ നിയന്ത്രണം പിടിച്ചെടുക്കുന്നതിനും ഈ കക്ഷികാംക്കു കഴിഞ്ഞു. കേന്ദ്രത്തിൽ ഇന്ദിരാ കോൺഗ്ര

സിനങ്ങളായ അധികാരാരോഹണത്തിൻെറ പശ്ചാത്തലത്തിൽ ഇടതുപക്ഷ കക്ഷികൾക്കും ഇന്ദിരാ കോൺഗ്രസേതര ജനാധിപത്യ കക്ഷികൾക്കും പരിമിതമായ തോതിലുള്ള ഒരു രാഷ്ട്രീയ നേട്ടമായിരുന്നു ഇതു്. എന്നാൽ ബൂർഷ്വാ-പെററി ബൂർഷ്വാ രാഷ്ട്രീയ കക്ഷികളുമായി ഉണ്ടാക്കുന്ന ഇത്തരം കൂട്ടുകെട്ടുകൾ, അവ ഇടതുപക്ഷ കക്ഷികളുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെടുന്നവയും ആ കക്ഷിക്കാർ എണ്ണത്തിൽ കൂടുതലുള്ളവയുമാണെങ്കിൽപ്പോലും, ശിഥിലീകരണത്തിൻെറ വിത്തുകൾ ഉൾക്കൊള്ളുന്നവയുമാണെന്ന യാഥാർത്ഥ്യത്തിൻെറ നേരെ നാം കണ്ണടയ്ക്കരുതു്. 1960 കളിലെ ഐക്യമുന്നണിക്കാലത്തു് കേരളത്തിൽ മാത്രമല്ല, പശ്ചിമബംഗാളിലുമുണ്ടായിട്ടുള്ള ഇത്തരം കൂട്ടുകെട്ടുകൾ ഈ അപകടം വേണ്ടത്ര തെളിയിക്കുകയുണ്ടായിട്ടുണ്ടു്.

## 15. ഇടതുപക്ഷം : ജനങ്ങളുടെ മുമ്പിലുള്ള മൂന്നാം ബദൽ

ഇതുകൊണ്ടാണു് ഇന്ദിരാ കോൺഗ്രസിൻെറ സ്വേച്ഛാധിപത്യ നേതൃത്വത്തിനും നിന്ദിതരായിക്കഴിഞ്ഞ ജനത-ലോക്ദൾ നേതൃത്വങ്ങൾക്കും എതിരായി മാർക്സിസ്റ്റ് സോഷ്യലിസ്റ്റ് വീക്ഷണമുള്ള യഥാർത്ഥ ഇടതുപക്ഷ കക്ഷികളുടെ ഒരു മുന്നണിയുണ്ടാക്കണമെന്നും ദേശീയതലത്തിൽ ആ മുന്നണിയെ ഒരു മൂന്നാം ബദലായി അവതരിപ്പിക്കണമെന്നും കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനു മുൻപു് ആർ. എസ്. പി. ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരുന്നതു്. ''ഇടതുപക്ഷ ജനാധിപത്യ മുന്നണി''യുടെ പേരിൽ ഏതെങ്കിലും ബൂർഷ്വാ പെററി ബൂർഷ്വാ കക്ഷിയുമായി അവസരവാദപരമായ രാഷ്ട്രീയ ബന്ധമോ കൂട്ടുകെട്ടോ ഇല്ലാത്ത യഥാർത്ഥ ഇടതുപക്ഷ കക്ഷികളുടെ ഒരു മുന്നണിക്കു് മാത്രമേ സാമാന്യ ജനങ്ങളെ സംഘടിപ്പിച്ചു് അണിനിരത്താനും നയിക്കാനും കഴിയുകയുള്ളുവെന്നു് ആർ. എസ്. പി. വിശ്വസിക്കുന്നു. ഇടതുപക്ഷ കക്ഷികൾക്കു് യോജിക്കാനും ഒരു യോജിച്ച നേതൃത്വം ഫലപ്രദമായി ഉയർത്തിക്കാട്ടുവാനും കഴിയുമെങ്കിൽ സാധാരണ ജനങ്ങളിൽ അതു് എങ്ങനെ ഉത്സാഹപൂർണ്ണമായ പ്രതികരണമുണ്ടാക്കുമെന്നും അവർ വർഗ്ഗാടിസ്ഥാനത്തിൽ ഇടതുപക്ഷ കക്ഷികളുടെ പിന്നിൽ അണിനിരക്കുമെന്നും പശ്ചിമബംഗാളിലെയും ത്രിപുരയിലെയും ലോക്സഭാ തെരഞ്ഞെടുപ്പുഫലങ്ങൾ തെളിയിച്ചിട്ടുണ്ടു്. ഈ രണ്ടു സംസ്ഥാനങ്ങളിലെയും വോട്ടിംഗ് രീതി വർഗ്ഗപരവും രാഷ്ട്രീയവും ആയ അടിസ്ഥാനത്തിലായിരുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങളും ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ടവരും പൊതുവിൽ ഇടതുപക്ഷത്തിനു വോട്ടുചെയ്തു; ധനികരും ഗ്രാമപ്രദേശങ്ങളിലെ ''ജോട്ടേദാരന്മാരും'' ''കലാക്കുകളും'' ഉൾപ്പെട്ട സമ്പന്ന വിഭാഗ

ങ്ങരം ഇന്ദിരാ കോൺഗ്രസ്സിനു് വോട്ടുചെയ്തു. പക്ഷേ ദേശീയ തലത്തിൽ ഏകീകൃതമായ ഒരു ഇടതുപക്ഷ നേതൃത്വത്തിന്റെ പ്രതിച്ഛായ ജനങ്ങളുടെ മുൻപിൽ ഉയർത്തിക്കാണിക്കുന്ന കാര്യത്തിൽ ഇടതുപക്ഷം പരാജയപ്പെടു കയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) യും ഇന്ത്യൻ കമ്മ്യൂ ണിസ്റ്റ് പാർട്ടിയും ചില സംസ്ഥാനങ്ങളിൽ വിശാലാടിസ്ഥാനത്തി ലുള്ള ജനപിന്തുണ ലഭിക്കുമെന്ന ആശയോടുകൂടി ലോക്ദരം, അരശ് കോൺഗ്രസ് തുടങ്ങിയ ബൂർഷ്വാ കക്ഷികളുമായി കൂട്ടു ചേർന്നു. ഈ തന്ത്രം വഴി പ്രതീക്ഷിച്ചിരുന്ന തെരഞ്ഞെടുപ്പുലാഭങ്ങളൊന്നുമുണ്ടായില്ല എന്നു മാത്രമല്ല, രാഷ്ട്രീയമായി നിന്ദിതരായിക്കഴിഞ്ഞ ഗ്രൂപ്പുകളോ ടൊപ്പം ജനങ്ങരം കണ്ട ഇടതുപക്ഷ സ്ഥാനാത്ഥികളുടെ പരാജയത്തിനു് അതു വഴിതെളിക്കുകയും ചെയ്തു.

**ശ്രീമതി ഇന്ദിരാഗാന്ധിയുടെയും അവരുടെ കക്ഷിയു ടെയും ദേശീയതലത്തിൽ അധികാരത്തിലേയ്ക്കുള്ള തിരിച്ചുവരവും ജനതയുടെയും ലോക്ദളിന്റെയും പരാജയവും സൃഷ്ടിച്ചിരിക്കുന്ന പുതിയ സാഹചര്യം ചരിത്രപരമായ ആവശ്യമാക്കിത്തീർക്കുന്നതു് ഇന്ദിരാ കോൺഗ്രസിനും ജനതാ, ലോക്ദരം എന്നീ മററു് ബൂർഷ്വാ കക്ഷികരംക്കും എതിരായുള്ളതുമായ ഒരു യഥാത്ഥ ഇടതുപക്ഷ മൂന്നാം ബദൽ കെട്ടിപ്പടുക്കുന്ന തിനു് എല്ലാ ഇടതുപക്ഷ ശക്തികളും അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ കക്ഷികളും ഇതിനുവേണ്ടി സംഘടി തവും നിരന്തരവുമായ ശ്രമങ്ങരം നടത്തുക എന്ന താണു്.** ഇന്നു് ദേശീയ രാഷ്ട്രീയതലത്തിൽ ഇന്ദിരാ കോൺഗ്ര സിനു് ഒരു ആധിപത്യസ്ഥാനം ഉണ്ടെങ്കിലും ഇന്ത്യൻ മുതലാളി ത്തവും ഭസ്റ്ററു് ക്യാപ്പിററലിസവും ഇന്നു് അഭിമുഖീകരിക്കുന്ന പ്രശ്ന ങ്ങരംക്കുള്ള സ്ഥായിയായ പ്രതിവിധികരം ഇന്ദിരാ കോൺഗ്രസിന്റെ കഴിവുകരംക്കപ്പുറത്തുമാണെന്നതു് ഓർത്തിരിക്കേണ്ടതുണ്ടു്. ആഴം കൂടി വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകരംക്കു് പരിഹാരം ഉണ്ടാക്കുന്നതിനോ വിലക്കയററം തടഞ്ഞുനിർത്തുന്നതിനോ നാണയപ്പെരുപ്പം നിയന്ത്രിക്കുന്ന തിനോ ഞെട്ടിപ്പിക്കുന്നതരത്തിലുള്ള തൊഴിലില്ലായ്മയ്ക്കു് പരിഹാരം കാണുന്നതിനോ പട്ടിണി ഇല്ലാതാക്കുന്നതിനോ ഇന്ദിരാ കോൺഗ്രസിനു് ലഭിച്ച വമ്പിച്ച ഭൂരിപക്ഷത്തെ പ്രയോജനപ്പെടുത്താൻ ആ കക്ഷിയ്ക്കു് കഴിയുമെന്നു കരുതാൻ കാരണങ്ങളില്ല.

## 16. ഇന്നത്തെ അടിയന്തിര രാഷ്ട്രീയ കടമകൾ

ഈ പ്രശ്നങ്ങറം പരിഹരിക്കുന്നതിനു വേണ്ടതു് രാജ്യം മുതലാളിത്ത സാമ്പത്തിക സംവിധാനത്തിന്റെ നിയന്ത്രണങ്ങളിൽനിന്നു് വിമുക്തമാവുകയും കോൺഗ്രസ്, ജനത, ലോക്ദറം എന്നീ കക്ഷികറം സ്വീകരിച്ചിരിക്കുന്നതായ മുതലാളിത്ത വികസനപാത പരിത്യജിക്കുകയും ചെയ്യുകയാണെന്നാണ് ആർ. എസ്. പി. ക്കു് എന്നും ഉണ്ടായിരുന്ന അഭിപ്രായം. ഇത്തരമൊരു സരണി സ്വീകരിക്കുക എന്നതു് ഇന്ദിരാ കോൺഗ്രസിനും ആ കക്ഷിയുടെ പിന്നിലുള്ള സാമൂഹിക ശക്തികറംക്കും അസാദ്ധ്യമാണ്. തെരഞ്ഞെടുപ്പു വിജയത്തിന്റെ ലഹരിമാറുമ്പോറം ഇന്ദിരാ കോൺഗ്രസിനു വോട്ടുചെയ്തവർ തന്നെ ആ കക്ഷിയുടെ നയങ്ങളെ എതിർക്കുമെന്നതു തീർച്ചയാണ്. മുതലാളിത്തത്തെ അഭിമുഖീകരിക്കുന്ന ദേശീയവും അന്തർദ്ദേശീയവുമായ പ്രതിസന്ധിയുടെ അനിർവാര്യമായ മൂർച്ഛിതാവസ്ഥ ജനങ്ങളുടെ കഷ്ടപ്പാടുകറം വർദ്ധിപ്പിക്കുകയും പരക്കെയുള്ള പ്രതിഷേധ പ്രസ്ഥാനങ്ങറംക്കും ജനമുന്നേററങ്ങറംക്കും ഇടനൽകുകയും ചെയ്യുന്നതാണ്. സ്വേച്ഛാധികാരവാഴ്ചയുടെ പാരമ്പര്യവും നടപടികളും ഇതുവരെ ഉപേക്ഷിച്ചിട്ടില്ലാത്ത ഇന്ദിരാ കോൺഗ്രസ് നേതൃത്വം ജനങ്ങളുടെമേൽ പുതിയ ആക്രമണങ്ങറം അഴിച്ചുവിടുന്നതിന് ഇതു് വഴിതെളിക്കും. തങ്ങളുടെ അവശതകറം പരിഹരിച്ചു കിട്ടുന്നതിനുള്ള സാധാരണ ജനങ്ങളുടെ സമരങ്ങറം അല്പം ശക്തമാകുന്നതായി കണ്ടാൽ അതു അടിച്ചമർത്തുന്നതിനും അവരുടെ അടിസ്ഥാനപരമായ ജനാധിപത്യ അവകാശങ്ങറം നിഹനിക്കുന്നതിനുമായി ഗവണ്മെൻറിന്റെ മർദ്ദന സംവിധാനം പൂർണ്ണമായി പ്രവർത്തിപ്പിച്ചു തുടങ്ങും; 1975-ലെപ്പോലെ അടിയന്തിരാവസ്ഥ ഔപചാരികമായി പ്രഖ്യാപിച്ചോ, അല്ലാതെയോ ഒരു അർദ്ധഫാസിസ്റ്റ് സ്വേച്ഛാപ്രമത്തഭരണം ജനങ്ങളുടെമേൽ അടിച്ചേല്പിക്കുകയും ചെയ്യും.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന അടിയന്തിര രാഷ്ട്രീയ ചുമതലകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം. (i) അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെ ഐക്യം പ്രവർത്തന മണ്ഡലങ്ങളിലും താണ തലങ്ങളിലും വിവിധ വർഗ്ഗസംഘടനകറംവഴിയും ബഹുജന സംഘടനകറം വഴിയും സംസ്ഥാന അസംബ്ലികളുടെയും ദേശീയ പാർലമെൻറിന്റെയും വേദികളിലും ശക്തിപ്പെടുത്തുക. സാമാന്യജനങ്ങളുടെ ഏററവും അടിയന്തിരമായ സാമ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങറം പരിഹരിക്കുന്നതിനുള്ള പൊതുവായ

ഒരു പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ശക്ത മായ ഒരു ബദൽ ഇടതുപക്ഷ നേതൃത്വം ജനങ്ങളുടെ മുമ്പിൽ ഇതിലൂടെ ഉയർത്തിപ്പിടിക്കേണ്ടതാണ്.

(ii). ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വേച്ഛാധിപത്യപരമായ എല്ലാ കയ്യേററങ്ങളെയും ഒരുമിച്ച നിന്ന് എതിർക്കുന്ന തിന് തയ്യാറാകുക; പുതിയ ഗവൺമെൻറ് എപ്പ പ്പോൾ എവിടെവിടെ അത്തരം കയ്യേററങ്ങൾ നട ത്തുന്നുവോ അപ്പോൾ അവിടെ അവയെ എതിർക്കുക. അതിനായി ജനാധിപത്യാവകാശങ്ങൾ സംരക്ഷി ക്കുന്നതിന വേണ്ടി സമരം ചെയ്യാൻ തയ്യാറുള്ളവ രായ ഇടതുപക്ഷേതര കക്ഷികളിൽപ്പെടുന്നവർ ഉൾ പ്പെടെ എല്ലാ ജനാധിപത്യ പ്രതിപക്ഷ വിഭാഗ ങ്ങളുമായും ഐക്യം സൃഷ്ടിക്കുക.

(iii). പുതിയ കേന്ദ്രഗവണ്മെൻറാ അധികാരത്തി ലിരിക്കുന്ന ഇന്ദിരാ കോൺഗ്രസ്സോ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഏക കക്ഷി കുത്തകഭരണം പുനഃസ്ഥാപിക്കാനും ഇടതുപക്ഷ ഭരണം നിലവി ലുള്ള സംസ്ഥാനങ്ങളിലെ അനിഷേദ്ധ്യമായ ജനാധിപത്യ പിന്തുണയുള്ള ഗവണ്മെൻറുകളെ തകിടം മറിക്കാനും വേണ്ടി നടത്താനിടയുള്ള ശ്രമ ങ്ങളെ പരാജയപ്പെടുത്താൻ തയ്യാറാവുക.

## 17. ആസന്നമായ സമരങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ കടമകൾ

രാജ്യത്തിൻെറ പാർലമെൻററി ജനാധിപത്യ സംവിധാനത്തില ണ്ടായ ഏററവും ഒടുവിലത്തെ രാഷ്ട്രീയ സംഭവവികാസങ്ങളുടെയും ഇന്ത്യ യിലെ മുതലാളിത്ത ഭരണവർഗ്ഗത്തിൻെറയും കുത്തക മുതലാളിമാരുടെയും പ്രധാന കക്ഷിയെന്ന നിലയിലുള്ള ഇന്ദിരാ കോൺഗ്രസിൻെറ അധി കാരത്തിലേയ്ക്കുള്ള തിരിച്ച വരവിൻെറയും പശ്ചാത്തലത്തിൽ ഇതൊക്കെ ആയിരിക്കും നമ്മുടെ അടിയന്തിര കടമകൾ. ഈ കടമകൾ നിറവേററു

ന്നതും അദ്ധ്വാനിക്കുന്ന ജനതയുടെ വർഗ്ഗശക്തികളെ രാഷ്ട്രീയമായി ഏകീകരിക്കുന്നതും ആസന്നമായ വർഗ്ഗസമരങ്ങളുടെയും ബഹുജന സമരങ്ങളുടെയും അടുത്ത ഘട്ടത്തിലേക്കുള്ള തയ്യാറെടുപ്പുകളാണ്.

സാമ്പത്തിക പ്രതിസന്ധി കൂടുതൽ മൂർഛിക്കുകയും സാമ്പത്തിക ക്ലേശങ്ങൾക്ക് എതിരായി ജനരോഷം തീവ്രമായിത്തീരുകയും ജനങ്ങളുടെ എതിർപ്പ് രൂക്ഷമായി പൊട്ടിപ്പുറപ്പെട്ട അടുത്ത രാഷ്ട്രീയ ഘട്ടം എപ്പോൾ എങ്ങനെ ആരംഭിക്കുകയും ചെയ്യുമെന്ന ഇപ്പോൾ മുൻകൂട്ടി കാണാൻ ശ്രമിക്കുന്നതു് അകാലികമായിരിക്കും. ഇടതുപക്ഷ കക്ഷികൾ അധികാരത്തിലിരിക്കുന്ന സംസ്ഥാനങ്ങളിൽ അവരുടെ രാഷ്ട്രീയമായി താരതമ്യേന മെച്ചപ്പെട്ട സ്ഥാനത്തുനിന്നും അവരെ ഇറക്കിവിടാനും ആ സംസ്ഥാനങ്ങളിൽ ആ കക്ഷികൾക്കുള്ള പരിമിതമായ രാഷ്ട്രീയാധികാരവും ഭരണത്തിൽ അവർക്കുള്ള സ്വാധീനവും നിഷേധിക്കാനും ഭരണം നടത്തുന്ന ബൂർഷ്വാസിയും ഇന്ദിരാകോൺഗ്രസിനകത്തുള്ള സ്വേച്ഛാധിപത്യ ശക്തികളും ശ്രമിക്കുമോ എന്നതും ഇപ്പോൾ മുൻകൂട്ടി കാണാൻ ശ്രമിക്കുന്നതു് ശരിയായിരിക്കുകയില്ല. ഇടതുപക്ഷ കക്ഷികളെ അധികാരത്തിൻെറ വേലിക്കു പുറത്താക്കുന്നതിനും അവരെ ശക്തിഹീനരാക്കുന്നതിനും വേണ്ടി ഇന്ദിരാകോൺഗ്രസ് നേതൃത്വം മുകളിൽ രണ്ടാമതു് പറഞ്ഞിരിക്കുന്ന കാര്യം ചെയ്യുന്നതിനു് എപ്പോൾ വേണമെങ്കിലും തീരുമാനിക്കാം.

> ഇന്നോ പിന്നെയോ ആ കക്ഷി അവരുടെ ആക്രമണം അഴിച്ചു വിടുമ്പോൾ ചെറുത്തു നിൽക്കുന്നതിനും തിരിച്ചടിക്കുന്നതിനും അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ സജ്ജമാക്കത്തക്കവണ്ണം അവരുടെ ശക്തമായ വർഗ്ഗബോധം ഉണർത്തുന്നതിനും താഴ്ന്ന നിലവാരത്തിലുള്ള അവരുടെസംഘടനകൾ സുദൃഢമാക്കുകയും പുറത്തു്, പാടങ്ങളിലും ഫാക്ടറികളിലും ഉള്ള അവരുടെ വർഗ്ഗശക്തിയെയും ബഹുജന ശക്തിയെയും കൂടുതൽ കൂടുതലായി അവലംബമാക്കുകയും ചെയ്യേണ്ടതു് ആവശ്യായിത്തീർത്തിരിക്കുന്നതു് അതുകൊണ്ടാണ്. എതിർ കക്ഷി രാഷ്ട്രീയാക്രമണം ആരംഭിക്കുന്നതിനു് കാത്തിരുന്നുകൊണ്ടു് അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ പ്രതിരോധത്തിൽ മാത്രമായിരിക്കും ശ്രദ്ധിക്കുക എന്നല്ല ഇതിൻെറ അർത്ഥം. രാഷ്ട്രീയ നീക്കങ്ങൾക്കു തുടക്കം കുറിക്കുന്നതിനും തക്കതായ

സമയത്തു് ആക്രമണം ആരംഭിക്കുന്നതിനും നാം ഇപ്പോഴെ സ്വയം സജ്ജരായിത്തുടങ്ങുകയും അദ്ധ്വാനിക്കുന്ന വിഭാഗങ്ങളെ സജ്ജരാക്കുകയും വേണം.

## 18. വരാൻപോകുന്ന നാളുകളിൽ ബഹുജന സമരങ്ങൾ ശക്'തിപ്പെടുത്തുന്നതിനുള്ള വ്യക്'തിനിഷ്ഠവും വസ്'തുനിഷ്ഠവുമായ സാഹചര്യങ്ങൾ

ഇന്ത്യൻ മുതലാളിത്തത്തിന്റെ തുടർന്നുവരുന്ന പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുകയാണു്. നാണയപ്പെരുപ്പം വർദ്ധിച്ചുവരുന്നു. 1970-71 അടിസ്ഥാന വർഷമായി കണക്കാക്കുമ്പോരം മൊത്തവില 230 പോയിന്റു് കടന്നിരിക്കുന്നു. കഴിഞ്ഞ വർഷം വിലവർദ്ധനവിന്റെ തോതു് 25 ശതമാനമായിരുന്നു. തൊഴിലില്ലായ്മ അമ്പരപ്പിക്കുന്ന തോതിൽ വർദ്ധിച്ചുവരുന്നു. വിദ്യാസമ്പന്നരും അല്ലാത്തവരും, പട്ടണങ്ങളിലുള്ളവരും ഗ്രാമീണരും എന്നുവേണ്ട എല്ലാ തരത്തിൽപ്പെടുന്നവരുമായി തൊഴിൽ വേണ്ടവരുടെ എണ്ണം ദശലക്ഷക്കണക്കിനു വർദ്ധിച്ചുവരുന്നു. തുണി, പഞ്ചസാര, സസ്യഎണ്ണ, ഔഷധങ്ങരം, മണ്ണെണ്ണ, ഡീസൽ, കൽക്കരി, വിദ്യുച്ഛക്തി തുടങ്ങിയവയുടെയെല്ലാം ക്ഷാമം എല്ലാ ദിക്കുകളിലും കൂടിവരികയാണു്. ഇതിന്റെയെല്ലാം ഫലമായി സ്'ഫോടകമായ പുതിയ സാഹചര്യങ്ങരംക്കും ഇടതുപക്ഷ നേതൃത്വത്തിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ ഭരണ വർഗ്ഗത്തിനും ഭരണ കക്ഷിക്കും എതിരായി വിപുലീകൃതമായിവരുന്ന സമരങ്ങളിലേയ്ക്കു് ജനങ്ങളെ ആനയിക്കാനുള്ള സന്ദർഭങ്ങരംക്കും യാതൊരു കുറവും ഉണ്ടാവുകയില്ല. പക്ഷേ നാം അതിനു വ്യക്തിനിഷ്ഠമായും വസ്തുനിഷ്ഠമായും തയ്യാറായിരിക്കേണ്ടതുണ്ടു്. വസ്തുനിഷ്ഠമായ സാഹചര്യങ്ങരം പക്വമായാലും ബഹുജനസമരങ്ങളിൽ കുതിച്ചു ചാട്ടുന്നതിനുള്ള സംഘടനാപരമായ തയ്യാറെടുപ്പിന്റെയും വ്യക്തിനിഷ്ഠവുമായ സന്നദ്ധതയുടെയും അഭാവം ഈ കടമ നിർവ്വഹിക്കുന്നതിൽ നമുക്കു് വിഘാതമായിത്തീരും.

## 19. ഇടതുപക്ഷത്തിനു സമീപകാലത്തുണ്ടായ രാഷ്ട്രീയ പരാജയങ്ങൾ

1972-73-ൽ കഴിഞ്ഞ പാർട്ടി സമ്മേളനത്തിലെ രാഷ്ട്രീയ റിപ്പോർട്ടിലും തീസിസ്സിലും, അന്നു നിലനിന്ന സാമ്പത്തിക-രാഷ്ട്രീയാവസ്ഥയുടെ സാഹചര്യത്തിൽ, ഇതൊക്കെ പാർലമെന്ററിന്റെയും തിരഞ്ഞെടുപ്പുകളുടെയും പരിധികരംക്കുള്ളിൽ ഒതുങ്ങി നിൽക്കുകയില്ലെന്നു നാം ശരി

യായി പ്രവചനം ചെയ്തിരുന്നതു് ഇത്തരുണത്തിൽ സ്മരിക്കേണ്ടതാവശ്യമാണു്. അധികാരത്തിലിരുന്ന കോൺഗ്രസ് പാർട്ടിക്കും ഇന്ദിരാ ഗാന്ധിയുടെ ഗവണ്മെൻറിനും എതിരായി രാജ്യത്തിൻെറ പല ഭാഗങ്ങളിലും 1973-74 കാലഘട്ടത്തു് അത്തരം രാഷ്ട്രീയ ബഹുജന സമരങ്ങളും പ്രത്യക്ഷ സമരപരിപാടികളും വമ്പിച്ച രീതിയിൽ നടക്കുകയുണ്ടായി. ആദ്യം ഗുജറാത്തിലും ബീഹാറിലും പിന്നീടു് ദേശീയ തലത്തിലുമാണു് ഇതു നടന്നതു്. പ്രമുഖ ഇടതുപക്ഷ കക്ഷികളായ സി. പി. എമ്മും., സി. പി. ഐ. യും ഈ പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയവും സംഘടനാപരവും ആയ നേതൃത്വം ഏറെറടുക്കുന്നതിലും ആക്കം വർദ്ധിച്ചുവന്ന ഈ ബഹുജന മുന്നേററത്തിനു് മാർഗ്ഗനിർദ്ദേശം നൽകുന്നതിലും പരാജയപ്പെടുകയും അവയിൽനിന്നു് ഒഴിഞ്ഞു നിൽക്കുകയും ചെയ്തു.

ഇന്ത്യൻ കമ്മ്യൂണിസ്റ്റു് പാർട്ടി ഈ സമരങ്ങളെ യഥാർത്ഥത്തിൽ എതിർത്തു. അക്കാലങ്ങളിൽ സി. പി. ഐ. കോൺഗ്രസ്സുമായും ഇന്ദിരാ ഗാന്ധിയുടെ നേതൃത്വവുമായും സഖ്യത്തിലായിരുന്നു. ഇന്ത്യൻ ബൂർഷ്വാസിയുടെ പുരോഗമന ചിന്താഗതിക്കാരും രാഷ്ട്രീയമായി പുരോഗമന വീക്ഷണമുള്ളവരുമായ വിഭാഗത്തെയാണു് ഇന്ദിരാഗാന്ധിയുടെ നേതൃത്വം പ്രതിനിധാനം ചെയ്യുന്നതു് എന്ന വാദത്തിൻെറ അടിസ്ഥാനത്തിലാണു് കമ്മ്യൂണിസ്റ്റു് പാർട്ടി ഇതു ചെയ്തതു്. അതേ അടിസ്ഥാനത്തിലാണു് 1975-ലെ അടിയന്തിരാവസ്ഥയെ പിൻതാങ്ങുന്നിടംവരെ കമ്മ്യൂണിസ്റ്റു് പാർട്ടി ചെന്നെത്തിയതു്. ഇന്നവർ അവരുടെ തെററു് സമ്മതിക്കുകയും അടുത്തകാലത്തായി ഇന്ദിരാ കോൺഗ്രസുമായുള്ള രാഷ്ട്രീയബന്ധം വിച്ഛേദിക്കുവാനും ഇന്ദിരാ കോൺഗ്രസിനെ എതിർക്കുന്നതിനു് ഇടതു മുന്നണിയുമായി അടുക്കാനും നടപടികളെടുക്കുകയും ചെയ്തിട്ടുണ്ടു്. ഈ ബഹുജന പ്രസ്ഥാനങ്ങൾക്കു് നേതൃത്വം നൽകിയിരുന്നതു് ജനസംഘം, ചൗധുരിചരൺസിംഗിൻെറ ബി. എൽ. ഡി. തുടങ്ങിയ വലതുപക്ഷ പിന്തിരിപ്പൻ ബൂർഷ്വാ പാർട്ടികളുടെ കൂട്ടുകെട്ടോ സംഘടനാ കോൺഗ്രസ്സോ ഗാന്ധിയൻ പരിഷ്കരണവാദിയായ ജയപ്രകാശ് നാരായണനോ ആണു് എന്ന കാരണത്താൽ സി. പി. എം. ഈ പ്രസ്ഥാനങ്ങളിൽ നിന്നു് മാറിനിന്നു. നാം ആ ബഹുജന പ്രസ്ഥാനത്തേയും അതിനു് അടിസ്ഥാനമായിരുന്ന ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളെയും പിൻതാങ്ങി. ഈ ബഹുജന സമരങ്ങൾ കേന്ദ്രീകരിച്ചിരുന്ന സ്ഥലങ്ങളിൽ നമ്മുടെ മാത്രമായ പ്രയത്നങ്ങളും വിഭവശക്തിയും, സംഘടനയുടെയും ആൾബലത്തിൻെറയും കാര്യത്തിൽ, തീരെ അപര്യാപ്തമായിരുന്നതിനാൽ സമരങ്ങളുടെ രാഷ്ട്രീയ നേതൃത്വം നമുക്കു് ഏറെറടുക്കാൻ കഴിഞ്ഞില്ല. മുമ്പിലത്തെ സോഷ്യലിസ്റ്റു പാർട്ടിയും ഈ സമരത്തെ പിൻതാങ്ങിയിരുന്നു. എന്നാൽ ''നേതൃത്വത്തിൻെറ ഐക്യം'' എന്നതിൻെറ പേരിൽ പ്രസ്ഥാനങ്ങളുടെ തലപ്പത്തിരുന്ന ബൂർഷ്വാ പാർട്ടികളുടെ

നേതൃത്വം സ്വീകരിക്കാനും അവർക്ക് രാഷ്ട്രീയമായി കീഴടങ്ങാനും അവർ സ്വയം സന്നദ്ധരായി. സോഷ്യലിസ്റ്റ് പാർട്ടി ഇന്ന് ഒരു സ്വതന്ത്ര ഇടതുപക്ഷകക്ഷി എന്ന നിലയിൽ സ്വയം ഇല്ലാതായി കഴിഞ്ഞിരിക്കുകയാണ്. ആ കക്ഷിയിലെ വിവിധ വിഭാഗങ്ങൾ ജനതയുമായിട്ടോ ലോക്ദളുമായിട്ടോ ലയിച്ചുകഴിഞ്ഞിരുന്നു.

ഇതിന്റെയൊക്കെ ഫലമായി 1973-75-ലെ ജനകീയ രാഷ്ട്രീയ മുന്നേററത്തിന്റെ നേതൃത്വം പ്രതിപക്ഷ ബൂർഷ്വാ കക്ഷികളുടെ കൈകളിൽ ചെന്നെത്തി. ഈ കക്ഷികളാണ് പിന്നീട് സംയോജിച്ച് ജനതാപാർട്ടിയായിത്തീരുകയും 1977-ലെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ അവരോധിതമാവുകയും ചെയ്തത്. 1960 കളുടെ മധ്യകാലത്തെ പ്രതിസന്ധിക്കുശേഷം രണ്ടാം പ്രാവശ്യം ആവിർഭവിച്ച വിപ്ലവ സാദ്ധ്യതകളും അങ്ങിനെ പിൻവാങ്ങി. സന്ദർഭം പ്രയോജനപ്പെടുത്തുന്നതിനു മുന്നോട്ടുവരുന്നതിൽ ഇടതുപക്ഷകക്ഷികൾ പരാജയപ്പെട്ടു.

## 20. പഴയ രാഷ്ട്രീയാവസ്ഥയിലേക്കുള്ള തിരിച്ചുപോക്ക്: മുമ്പിലത്തെ തന്ത്രം ഇപ്പോഴും പ്രായോഗികം

മുകളിൽ വിവരിച്ച ചരിത്രപരവും വസ്തുനിഷ്ഠവും ആയ വിവിധ കാരണങ്ങളാൽ, കഴിഞ്ഞ കാലത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ തീർത്തും വർദ്ധിച്ച രാഷ്ട്രീയ ശക്തിയുമായി ശ്രീമതി ഇന്ദിരാഗാന്ധി നേതൃത്വം നൽകുന്ന കോൺഗ്രസ്സ് വീണ്ടും അധികാരത്തിലെത്തിയിരിക്കുന്നു. ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളും വിവിധ വർഗ്ഗശക്തികൾ തമ്മിലുള്ള ബന്ധങ്ങളും ഗണ്യമായ തോതിൽ 1971-72 ന് ശേഷമുണ്ടായിരുന്ന അവസ്ഥയിലേക്ക് തിരിച്ചുപോയിരിക്കുന്നു. ഇന്ദിരാഗാന്ധിയും അവരുടെ കക്ഷിയും പ്രതിനിധാനം ചെയ്യുന്ന ജനാധിപത്യവിരുദ്ധവും സ്വേഛാധിപത്യപരവുമായ പ്രവണത പരക്കെ അറിവുള്ളതാണ്. ഈ പ്രവണതകൾ മുൻകാലത്തുതന്നെയുള്ളവയായിരുന്നു. അടിയന്തിരാവസ്ഥ കാലത്തിന് മുമ്പുതന്നെ അവ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. ഇന്ദിരാഗാന്ധി ഇക്കുറി അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ സാഹചര്യങ്ങളിൽ ഗണ്യമായ മാററങ്ങൾ വന്നിട്ടുണ്ടെങ്കിലും, രാജ്യത്തെ വർഗ്ഗശക്തികളുടെ രാഷ്ട്രീയ ബന്ധങ്ങൾ 1971-72-ൽ ശ്രീമതി ഗാന്ധി വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന സന്ദർഭത്തിലേതിനോട് ഏറെക്കുറെ സമാനമാണ്.

കോൺഗ്രസ്സ്-മുതലാളിത്വഭരണവർഗ്ഗത്തിനും ഇന്ദിരാഗാന്ധിയുടെ പാർട്ടിയ്ക്കും എതിരായി സമരം ചെയ്യുന്നതിന് പത്താം ദേശീയ സമ്മേള

നത്തിന്റെ രാഷ്ട്രീയരേഖയിൽ നാം കരുപ്പിടിപ്പിച്ചിരുന്ന തന്ത്രം അതിന്റെ അടിസ്ഥാന ഘടകങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും വളരെയേറെ സംഗതമാണ്. അവയിൽനിന്നും നാം അടിസ്ഥാനപരമായി വ്യതിചലിക്കേണ്ടതായിട്ടില്ല.

## 21. കിഴക്കേ ഇന്ത്യയിലെ സാഹചര്യങ്ങൾ

പൊതുവായി കിഴക്കേ ഇന്ത്യയിലും പശ്ചിമബംഗാളിൽ പ്രത്യേകിച്ചും 1971-72-ൽ ബംഗ്ലാദേശിൽ രൂപംകൊണ്ട സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ തെളിഞ്ഞുവന്ന വസ്തുനിഷ്ഠമായ വിപ്ലവ സാദ്ധ്യതകൾ പ്രാവർത്തികമാകാതിരുന്നതു് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ബംഗ്ലാദേശിൽ രാഷ്ട്രീയ സംഭവഗതികൾ തൽക്കാലത്തേക്കു് വലതുപക്ഷ പിന്തിരിപ്പന്മാർക്കു് അനുകൂലമായിത്തീർന്നിരിക്കയാണ്. ഇടതുപക്ഷ വിപ്ലവശക്തികൾക്കും ജനകീയശക്തികൾക്കും ഗുരുതരമായ തിരിച്ചടിയാണുണ്ടായിരിക്കുന്നതു്. സങ്കുചിതമായ ദേശീയ വികാരങ്ങളും വിഭജന വാദഗതിയുമുള്ളവർ വിദേശീയരുടെ പ്രശ്നത്തിന്റെപേരിൽ വിവിധ ഭാഷാ ന്യൂനപക്ഷങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും എതിരായി ആസ്സാമിലും വടക്കുകിഴക്കേ ഇന്ത്യയിലും ഒരു പ്രസ്ഥാനമാരംഭിച്ചിരിക്കുകയാണ്. വിദേശപൗരന്മാർക്കു് എതിരായിട്ടുള്ള സമരം ഏററവും രൂക്ഷമായി രൂപം പ്രാപിച്ച ആസ്സാമിൽ ആ സമരം ബംഗ്ലാദേശിൽ നിന്നോ, നേപ്പാളിൽ നിന്നോ ആസ്സാമിനു പുറത്തുള്ള മററു സംസ്ഥാനങ്ങളിൽ നിന്നോ നുഴഞ്ഞുകയറിയതായി പറയപ്പെടുന്ന ബംഗാളികളുടെയും ആസാമീസ് ഭാഷ സംസാരിക്കാത്തവരായ മററു ഭാഷാ-മത ന്യൂനപക്ഷങ്ങളുടെയും നേർക്കാണ് തിരിഞ്ഞിരിക്കുന്നതു്. സമീപത്തുള്ള മേഘാലയ, മണിപ്പൂർ, മിസ്സോറാം തുടങ്ങിയ സംസ്ഥാനങ്ങളിൽ സമരം ആസാംകാരുപോലുമുൾപ്പെടെ പുറത്തുനിന്നുള്ളവർക്കെതിരായിട്ടാണ്. ശിഥിലീകരണ സ്വഭാവമുള്ള ഈ പ്രാദേശിക പ്രസ്ഥാനങ്ങൾ അരുണാചലപ്രദേശം, നാഗാലാൻഡ് തുടങ്ങിയ മററു വടക്കുകിഴക്കേ സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിച്ചു തുടങ്ങുകയാണ്. ബീഹാറിലെ ഗ്രാമപ്രദേശങ്ങളിൽ ഇടത്തട്ടു ജാതികളിലെയും ഉയർന്ന ജാതികളിലെയും ജാതീയ—കുലാക്കു് ഭ്രാന്ത് വിവിധ സമുദായങ്ങളിൽപ്പെട്ട അദ്ധ്വാനിക്കുന്ന വിഭാഗക്കാരെ വിഭജിച്ചു നിർത്താനും ഹരിജനങ്ങളായ കർഷകത്തൊഴിലാളികൾക്കെതിരായി അത്യുഗ്രമായ ആക്രമണങ്ങൾ സംഘടിപ്പിക്കുവാനും ആണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. പങ്കു പാട്ടക്കാർക്കും കർഷകത്തൊഴിലാളികളായ ഹരിജനങ്ങൾക്കുമുള്ള നാമമാത്രമായ ഭൂമി തട്ടിയെടുക്കുന്നതിനുവേണ്ടി ഭൂസ്വാമിമാരായ കുലാക്കുകൾ ആരംഭിച്ചിട്ടുള്ള വർഗ്ഗമർദ്ദനത്തിന്റെ ആവരണം മാത്രമാണ് ബീഹാറിലെ ഈ ജാതിപ്പോരുകൾ. കിഴക്കേ ഇന്ത്യയിലെ ഇപ്പോഴത്തെ സാഹചര്യങ്ങളിലെ നിഷേധാത്മകമായ ചില പ്രവണതകളാണിതൊക്കെയും.

## 22. പശ്ചിമ ബംഗാൾ

ഈ പശ്ചാത്തലത്തിൽ വേണം പശ്ചിമബംഗാളിലെ ഇപ്പോഴത്തെ രാഷ്ട്രീയ സ്ഥിതിഗതികൾ കാണേണ്ടതു്. 1972-77 ലെ സ്ഥിതിയും ഇപ്പോഴത്തേതുമായി ഉള്ള പ്രധാനപ്പെട്ട ഒരു വ്യത്യാസം ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിനുപകരം സി. പി. എം., ആർ. എസ്. പി. ഫോർവേഡ്ബ്ലോക്കു്, ആർ. സി. പി. ഐ., മാർക്സിസ്റ്റ് ഫോർവേഡ്ബ്ലോക്കു്, റവല്യൂഷനറി ബംഗ്ലാ കോൺഗ്രസ് എന്നീ കക്ഷികൾ അടങ്ങിയ ഇടതുപക്ഷ മുന്നണിയാണു് അധികാരത്തിലിരിക്കുന്നതു് എന്നതാണു്. എന്നാൽ ഇന്ദിരാകോൺഗ്രസ് അടുത്തകാലത്തു് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതോടുകൂടി ഇടതുപക്ഷമുന്നണി ഗവണ്മെൻറിൻെറ ഭാവി ഇന്ദിരാഗാന്ധിയുടെയും അവരുടെ കക്ഷിയുടെയും രാഷ്ട്രീയ കണക്കുകൂട്ടലുകൾക്കു് വിധേയമായിത്തീർന്നിരിക്കുകയാണു്. എന്തുകൊണ്ടെന്നാൽ സംസ്ഥാന ഗവണ്മെൻറിനെ ഡിസ്മിസ് ചെയ്യാനും പ്രസിഡൻറു് ഭരണം ഏർപ്പെടുത്താനും, നിയമസഭ പിരിച്ചുവിടാനും പ്രധാനമന്ത്രിയെന്ന നിലയ്ക്കു് അവർക്കു് ഭരണഘടനാപരമായ ശക്തിയും അധികാരവും ഉണ്ടു്. പശ്ചിമബംഗാളിലെ അവരുടെ പാർട്ടിയിൽ ഇന്നുണ്ടായിട്ടുള്ള അരാജകാവസ്ഥമാററി ഇടതുപക്ഷ ഗവണ്മെൻറിനെ അധികാരഭ്രഷ്ടമാക്കാനും അതുകഴിഞ്ഞുവരുന്ന തിരഞ്ഞെടുപ്പിനെ വിജയകരമായി നേരിടാനുമുള്ള തയ്യാറെടുപ്പിനു് കുറച്ചുസമയം വേണ്ടിവരും. എന്നാൽ പ്രസിഡൻറു് ഭരണമാകുന്ന കോടാലി . ഇപ്പോഴോ പിന്നെയോ, പശ്ചിമബംഗാൾ ഗവണ്മെൻറിൻെറ മേൽ വന്നുവീഴാനുള്ള സാദ്ധ്യത തള്ളിക്കളയാവുന്നതല്ല.

## 23. ത്രിപുരയിലെയും പശ്ചിമ ബംഗാളിലെയും ഇടതുപക്ഷ ഗവൺമെൻറുകളിൽ ആർ, എസ്. പി. യുടെ പങ്കാളിത്വം

ഇടതുപക്ഷമുന്നണിയിലെ ഒരു ഘടകകക്ഷി എന്ന നിലയിൽ പുതിയ ഇടതുപക്ഷ ഗവണ്മെൻറിൽ ഭാഗഭാക്കാകുന്നതിനു 1977-ൽ സെൻട്രൽ കമ്മററി തീരുമാനിക്കാനുണ്ടായ രാഷ്ട്രീയ കാരണങ്ങൾ ഇവിടെ ചുരുക്കി പ്രതിപാദിക്കാം. രാജ്യത്തു് നിലവിലുള്ള ബൂർഷ്വാ ജനാധിപത്യ ഭരണഘടനയ്ക്കു കീഴിൽ ഏതെല്ലാം സാഹചര്യങ്ങളിൽ ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയ്ക്കു് ഭരണത്തിൽ ഭാഗഭാക്കാകാമെന്നതിനെപ്പററി 1968-ൽ പാർട്ടിയുടെ സ്പെഷ്യൽ കൺവെൻഷൻ എടുത്ത തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണു് ഈ പ്രശ്നം ആലോചനാവിഷയമാക്കിയതു്. ''പാർലമെൻററി മാർഗ്ഗങ്ങൾവഴ മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേയ്ക്കുള്ള സമാധാനപരമായ പരിവർത്തന''ത്തെ

പററിയുള്ള ക്രൂഷ്ചെവിൻെറ തിരുത്തൽ വാദത്തിൻേറയോ പുത്തൻ തിരുത്തൽ വാദത്തിൻേറയോ തത്വം അനുസരിച്ച ഭരണഘടനയിലെ ജനാധിപത്യവ്യവസ്ഥകഠം പ്രയോജനപ്പെടുത്തി സോഷ്യലിസം കെട്ടിപ്പടുക്കാൻ അങ്ങിനെയുള്ള പങ്കാളിത്തം സഹായകമാകുമെന്നതായിരുന്നില്ല പരിഗണന. സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരങ്ങളുടെ കടിഞ്ഞാൺ കേന്ദ്ര ഗവണ്മെൻറിൻെറ കൈകളിലിരിക്കെ ഇൻഡ്യൻ ഭരണഘടനയനുസരിച്ച് സംസ്ഥാന ഗവണ്മെൻറുകഠംക്ക് ലഭിച്ചിട്ടുള്ള പരിമിതമായ അധികാരങ്ങളുപയോഗിച്ച് മുതലാളിത്ത സംവിധാനം തകക്കവാനും സോഷ്യലിസത്തിലേക്ക് മുന്നേറാനും കഴിയുകയില്ലെന്നു മാത്രമല്ല ഒരു സംസ്ഥാനത്തിലെ സാമൂഹിക-സാമ്പത്തിക സംവിധാനത്തിൽ എന്തെങ്കിലും അടിസ്ഥാനപരമായ മാററം വരുത്താൻപോലും സാധിക്കുന്നതുമല്ല.

സംസ്ഥാനത്തിൻെറ ബ്യൂറോക്രാററിക് ഭരണ യന്ത്രത്തിൻെറയും പോലീസിൻെറയും മേൽ ഭരണവർഗ്ഗത്തിൻെറ രാഷ്ട്രീയ പാർട്ടികഠംക്കും, ആ നിലയിൽ കോൺഗ്രസിനും, അധികാരങ്ങളും ശക്തിയും നിയന്ത്രണങ്ങളും നിഷേധിക്കുകയും ഗവണ്മെൻറിനുള്ള അധികാരം ഇടതുപക്ഷ മുന്നണിയുടെ പിന്നിലുള്ള ബഹുജനങ്ങളുടെ സമ്മതിയോടുകൂടി കഴിയുന്നിടത്തോളം ബഹുജന സമരങ്ങഠംക്കുള്ള ഒരു ആയുധമായി ഉപയോഗപ്പെടുത്തുന്നതിനും ജനങ്ങളുടെ രാഷ്ട്രീയബോധം തട്ടി ഉണർത്തുന്നതിനും അവരുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതിനും അവരുടെ സംഘടനകഠം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിൻെറ വിഭവങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടു് അവരുടെ പരിമിതമായ ആവശ്യങ്ങഠം നടപ്പിലാക്കുന്നതിനും വേണ്ടി വിനിയോഗിക്കുകയും ആണ് പ്രധാന ഉദ്ദേശം.

ഇടതുപക്ഷ ഗവണ്മെൻറുകളിലെ ഒരു പങ്കാളിയെന്ന നിലയിൽ ആർ. എസ്. പി. ബഹുജന സമരക്കാര്യത്തിൻെറ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടിരിക്കണം.

## 24. പശ്ചിമബംഗാളിലെയും ത്രിപുരയിലെയും ഗവൺമെൻറുകളുടെ സംശയാതീതമായ നേട്ടങ്ങൾ

ഈ സംസ്ഥാനങ്ങളിലെ ഇടതുപക്ഷ ഗവണ്മെൻറുകഠം നടപ്പിലാക്കിയ വിവിധ പരിപാടികഠംവഴി വിശേഷിച്ച് ഗ്രാമപ്രദേശങ്ങളിൽ പങ്ക് പാട്ടക്കാർക്ക് അനുകൂലമായ ഭൂപരിഷ്കരണം, ഭൂമിയില്ലാത്തവർക്കും നിധ്നർക്കും മിച്ചഭൂമിവിതരണം, കർഷകത്തൊഴിലാളികഠംക്ക് മെച്ചപ്പെട്ട കൂലിനിരക്ക് നടപ്പാക്കൽ, ധനിക കാർഷിക മുതലാളിമാർക്കും

ജോട്ടേദാരന്മാർക്കുമെതിരായി അദ്ധ്വാനിക്കുന്ന ഗ്രാമീണ ജനതയുടെ വർഗ്ഗസമരങ്ങളും ബഹുജന സമരങ്ങളും സംഘടിപ്പിക്കുക എന്നിവയിലൂടെ ഗ്രാമീണ ജനതയുടെ രാഷ്ട്രീയവർഗ്ഗബോധം വർദ്ധിപ്പിക്കുന്നതിൽ വിജയിക്കുകയുണ്ടായി. ലോകസഭാ തിരഞ്ഞെടുപ്പിൽ പശ്ചിമ ബംഗാളിലും ത്രിപുരയിലും ദൃശ്യമായിക്കണ്ട വോട്ടിംഗ്‌രീതി ഇതു് അസന്നിഗ്ദ്ധമായി തെളിയിക്കുന്നു. കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നു് വ്യത്യസ്തമായി ഈ വോട്ടിംഗ്‌രീതി ജാതിമത വർഗ്ഗീയ തിരിവുകൾക്കുപരിയായി വർഗ്ഗാടിസ്ഥാനത്തിലുള്ളതായിരുന്നു. വരാൻപോകുന്ന ദിവസങ്ങളിലെ രാഷ്ട്രീയ സമരങ്ങൾക്കു് അദ്ധ്വാനിക്കുന്ന ജനതയെ വർഗ്ഗാടിസ്ഥാനത്തിൽ രാഷ്ട്രീയമായി അണിനിരത്തുന്നതിൽ ഇതു് ഒരു ഗണ്യമായ നേട്ടമാണെന്നതു് നിഷേധിക്കാനാവാത്തതാണു്.

ഗ്രാമീണ പഞ്ചായത്തുകളിലേക്കുള്ള ജനാധിപത്യ തിരഞ്ഞെടുപ്പുകൾ വിജയപൂർവ്വം നടത്തിയതിന്റെയും മതിയായ ധനസഹായത്തോടുകൂടി സ്വയംഭരണത്തിനും ഗ്രാമീണ പുനഃനിർമ്മാണ പ്രവർത്തനങ്ങൾക്കുമുള്ള വിപുലമായ അധികാരങ്ങൾ ഈ പഞ്ചായത്തുകൾക്ക നൽകിയതിന്റെയും ഫലമായി ധനികരായ ഭൂഉടമകളും, കലാക്കുകളും, മുതലാളിമാരും കൈഅടക്കി വച്ചിരുന്ന ഗ്രാമങ്ങളിലെ അധികാര സംവിധാനം അദ്ധ്വാനിക്കുന്ന കർഷക വിഭാഗങ്ങൾക്കനുകൂലമായി പരിവർത്തനം ചെയ്യിക്കുന്നതിനും കഴിഞ്ഞു. ഗ്രാമങ്ങളിലെ പാവപ്പെട്ടവരെ വർഗ്ഗാടിസ്ഥാനത്തിൽ അണിനിരത്തുന്നതിനും ഇതു് ഒരളവുവരെ പ്രയോജനപ്പെട്ടിട്ടുണ്ടു്.

ജനാധിപത്യ പൗരാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനും അദ്ധ്വാനിക്കുന്നവർക്കു് സാമ്പത്തികമായ പ്രയോജനം ലഭിക്കുന്ന അനേകം പരിപാടികൾ നടപ്പിലാക്കുന്നതിനും ഇടതുപക്ഷഗവണ്മെന്റുകൾക്കു് കഴിഞ്ഞു. പട്ടണങ്ങളിലെ വ്യവസായ മേഖലകളിലും ഗ്രാമങ്ങളിലുള്ള പാവപ്പെട്ടവർക്കും ഇതു് സഹായകരമായിരുന്നു. സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളിൽ ഭരണഘടനയനുസരിച്ചുള്ള നിയന്ത്രണങ്ങൾക്കകത്തുനിന്നുകൊണ്ടും സാമ്പത്തികവിഭവങ്ങളുടെ പരിമിതിക്കകത്തു ഒതുങ്ങിനിന്നുകൊണ്ടുമാണു് ഇതൊക്കെ ചെയ്തതു്. പൂട്ടിക്കിടന്ന വ്യവസായ ശാലകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആവശ്യമെന്നു തോന്നിയ സന്ദർഭങ്ങളിൽ അവ പൊതു ഉടമയിലാക്കുകയും ചെയ്തിട്ടുണ്ടു്. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വ്യവസായങ്ങളിൽ മുതൽമുടക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയുംചെയ്തു. കൂലിത്തർക്കങ്ങൾ തൊഴിലാളികൾക്ക ഗുണകരമായ രീതിയിൽ പരിഹരിക്കുകയും പൊതുവിൽ തൊഴിലാളികൾക്ക അനുകൂലമായ ഒരു വ്യവസായബന്ധ നയം പിന്തുടരുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റു് ജീവനക്കാരുടെയും പ്രൈമറി, സെക്കൻററി, കോളേജ് തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട എല്ലാ അദ്ധ്യാ

പകരുടെയും ശമ്പളവും ക്ഷാമബത്തയും വർദ്ധിപ്പിക്കുകയും ശമ്പളം മുറതെററാതെ കൃത്യമായി നൽകുകയും ചെയ്തു. സെക്കൻററി ഘട്ടംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി. ജോലി ലഭിക്കുകയെന്നതു മൗലികാവകാശമാണെന്ന കാര്യം അംഗീകരിച്ചുകൊണ്ടും ഓരോ തൊഴിൽരഹിതനും തൊഴിലില്ലായ്മവേതനമെന്ന നിലയിൽ അമ്പതു രൂപാ വീതം പ്രതിമാസം നൽകി. എംപ്ലോയ്മെൻറ് എക്സ്ചെയിഞ്ചുകളിൽ പേരു് രജിസ്റ്റർ ചെയ്തിട്ട് അഞ്ചുവർഷം കഴിഞ്ഞിട്ടുള്ളവർക്കാണ് ഈ ആനുകൂല്യം നൽകപ്പെട്ടതു്.

ഭരണഘടനയുടെ കീഴിൽ സംസ്ഥാനത്തിൻെറ അധികാരങ്ങൾക്കുള്ള പരിധിക്കുള്ളിൽ നിന്നുകൊണ്ടു് സാധാരണ ജനങ്ങൾക്കും പ്രത്യേകിച്ച് അദ്ധ്വാനിക്കുന്ന വിഭാഗങ്ങൾക്കും പ്രയോജനപ്രദമായി പശ്ചിമ ബംഗാളിലെയും ത്രിപുരയിലെയും ഇടതുമുന്നണി ഗവൺമെൻറുകൾ സ്വീകരിച്ച നടപടികളിൽ ചിലതാണ് ഇവ.

## 25. ഇടതുപക്ഷമുന്നണിയുടെ നേട്ടങ്ങൾക്കുള്ള അടിസ്ഥാനപരമായ പരിമിതികൾ

പശ്ചിമബംഗാളിലെയും ത്രിപുരയിലെയും ഇടതുമുന്നണിഗവണ്മെൻറുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ ബൂർഷ്വാ ജനാധിപത്യത്തിൻെറ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ടുള്ള ആശ്വാസ നടപടികളുടെയോ പരിഷ്കരണ നടപടികളുടെയോ പരിധി ലംഘിച്ചിട്ടില്ലെന്ന വസ്തുത അംഗീകരിക്കേണ്ടതാണ്. സംസ്ഥാന ഗവണ്മെൻറുകളുടെ അധികാരങ്ങളിലും ധനാഗമകാര്യങ്ങളിലും ഭരണഘടന ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾമൂലം ഇതുവരെ നടപ്പാക്കിയിട്ടുള്ള ആശ്വാസ നടപടികൾ വളരെ വളരെ പരിമിതമാണുതാനും. ഇടതുപക്ഷ ഗവണ്മെൻറുകളുടെ പ്രവർത്തനം ആകെക്കൂടി നോക്കുമ്പോൾ പശ്ചിമ ബംഗാളിലാകട്ടെ, ത്രിപുരയിലാകട്ടെ, അതു് സമൂലമായ മാററത്തിൻെറ സ്വഭാവമോ വിപ്ലവസ്വഭാവമോ ഉള്ളതായിരുന്നു എന്നുപറയാൻ കഴിയുന്നതല്ല. ആ സംസ്ഥാനങ്ങളിലെസാമ്പത്തികസാമൂഹ്യസംവിധാനങ്ങളിൽ അടിസ്ഥാനപരമായ മാററങ്ങൾ വരുന്നതിനുള്ള സുപ്രധാന നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അവിടത്തെഗവണ്മെൻറുകൾവിജയിച്ചിട്ടില്ല. വ്യാവസായികസമ്പദ്‌വ്യവസ്ഥയെസംബന്ധിച്ചിടത്തോളം ഈ രണ്ടു ഗവണ്മെൻറുകളും മുതലാളിത്ത ചട്ടക്കൂട് അംഗീകരിക്കുകയും അതിനകത്തുനിന്നുതന്നെപ്രവർത്തിക്കുമെന്ന്സമ്മതിച്ചിരിക്കുകയുമാണ്. പശ്ചിമ ബംഗാളിൽവ്യാവസായിക സമ്പദ്‌വ്യവസ്ഥയിൽ ആധിപത്യംചെലുത്തുന്നതു് ഇന്ത്യയിലെ വൻകിട വ്യവസായികളും കുത്തകവ്യവസായ കുടുംബങ്ങളും വൈദേശിക ബഹുരാഷ്ട്ര കമ്പനികളുമാണ്.

തൊഴിലാളികൾക്ക് അനുകൂലമായ വേതനനയവും വ്യവസായ ബന്ധനയവും പിന്തുടരാനുള്ള ശ്രമങ്ങളുണ്ടെങ്കിലും മുതലാളിമാരിൽ നിന്നു തൊഴിലാളികൾക്ക് കാര്യമായ ആശ്വാസം നേടിക്കൊടുക്കുന്നതിനുള്ള നടപടികൾ വളരെ പരിമിതമായ തോതിലേ വിജയിച്ചിട്ടുള്ളു. വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനോ തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിനോ സ്വീകരിച്ചിട്ടുള്ള നടപടികൾ ശ്ലാഘനീയമായിരുന്നില്ല. മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവരിൽ ഒരു വിഭാഗത്തിനു പ്രതിമാസം അമ്പതുരൂപാ നാമമാത്രമായ ആശ്വാസധനമായി നൽകിയിട്ടുണ്ട്; സംസ്ഥാന ഗവണ്മെൻറ് ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും ഡി. എ. യും ശമ്പളവും വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പരിഷ്കാരത്തിനു ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെക്കൂടി നോക്കുമ്പോൾ ഇത്രതന്നെ.

പങ്ക് പാട്ടക്കാരുടെയും പാവപ്പെട്ടവരും ഭൂരഹിതരുമായ കർഷകരുടെയും ആശ്വാസത്തിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള ഭൂപരിഷ്കരണ നടപടികൾ നിലവിലുള്ള ബൂർഷ്വാ ഭൂ ബന്ധങ്ങളുടെയും കർഷക ഭൂ ഉടമസ്ഥതയുടെയും പരിധികൾ ഉല്ലംഘിക്കുന്നവയല്ല. സഹകരണ കൃഷിയുടെയോ കൂട്ടുകൃഷിയുടെയോ രീതികൾ നടപ്പാക്കത്തക്കവിധം ഭൂ ഉടമാ സമ്പ്രദായത്തിൽ അടിസ്ഥാനപരമായ എന്തെങ്കിലും അഴിച്ചുപണി നടത്തുന്നതിനു അവ വഴിതെളിച്ചിട്ടില്ല.

എന്നാൽ ഇടതുപക്ഷ മുന്നണി ഗവണ്മെൻറിൻെറ മുഖ്യമായ പരാജയം മററൊന്നാണ്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി ജനങ്ങളെ അണിനിരത്തുന്നതിനും ബഹുജന സമരങ്ങൾ ആരംഭിക്കുന്നതിനും ഗവണ്മെൻറിൻെറ അധികാരങ്ങൾ ഉപയോഗപ്പെടുത്തുന്നതിലാണ് ഈ പരാജയം സംഭവിച്ചത്. ഈ ലക്ഷ്യത്തിനുവേണ്ടി ഗവണ്മെൻറിൻെറ അധികാരങ്ങൾ വിനിയോഗിക്കുന്ന കാര്യത്തിൽ ഇടതുപക്ഷമുന്നണിയിലുള്ള ആർ. എസ്. പി.യുടെ പങ്കാളികൾക്ക് വൈമുഖ്യമുണ്ടെന്നാണ് തോന്നുന്നത്. ഇതിൻെറ ഫലമായി സമരകാര്യം എപ്പോഴും തടസ്സപ്പെടുന്നു. മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നമ്മൾ ഗവണ്മെൻറിലുള്ളിടത്തോളം കാലം ഇടതുപക്ഷമുന്നണി ഗവണ്മെൻറിലുള്ള നമ്മുടെ പങ്കാളിത്തത്തെ സംബന്ധിച്ച് ബഹുജന സമര പ്രശ്നത്തിന് നാം പ്രത്യേകമായ ഊന്നൽ നൽകേണ്ടതുണ്ട്. ഈ വീക്ഷണകോണിൽ നിന്നുകൊണ്ട് ഇടതുപക്ഷ ഗവണ്മെൻറിൻെറ നേട്ടങ്ങൾ വിമർശന ബുദ്ധിയോടുകൂടി പുനരവലോകനം ചെയ്യേണ്ട ഘട്ടം എത്തിയിരിക്കുകയാണ്. ജനങ്ങളുടെ ഏററവും പരിമിതമായ ജനാധിപത്യാവശ്യങ്ങൾ നേടി എടുക്കുന്നതിനുള്ള ബഹുജന സമരങ്ങൾ ആരംഭിക്കുക എന്നതായിരിക്കണം ഇതിൻെറ ഉദ്ദേശ്യം.

## 26. ആർ. എസ്. പി. യുടെ അടിസ്ഥാനപരമായ പൊതുനയം : സോഷ്യലിസത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന ജനതയുടെ മുന്നണി

പത്താം ദേശീയ സമ്മേളനം ഉൾപ്പെടെയുള്ള പാർട്ടി സമ്മേളനങ്ങൾ അംഗീകരിച്ചിട്ടുള്ള അടിസ്ഥാനരാഷ്ട്രീയ രേഖകളിൽ ആർ. എസ്. പി. യുടെ മൗലികമായ പൊതുനയം ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതാണ്.

> ഇന്ത്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം എന്ന ചരിത്രപരമായ ലക്ഷ്യത്തിലേക്ക് കേന്ദ്രീകരിച്ച്, തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ അദ്ധ്വാനിക്കുന്ന വിവിധ വിഭാഗം ജനങ്ങളുടെ ശക്തികളെ വിശാലാടിസ്ഥാനത്തിലുള്ള മുതലാളിത്ത വിരുദ്ധ ജനകീയ പ്രസ്ഥാനത്തിൽ അണിനിരത്തുക എന്നുള്ള

താണ് ഈ മൗലികനയം. ഈ ലക്ഷ്യം മനസ്സിൽവച്ചുകൊണ്ട് ആ അടിസ്ഥാനപരമായ നയത്തിൽ നിന്ന് ഉത്ഭവിക്കുന്നതായ പാർട്ടിയുടെ പ്രധാനപ്പെട്ട തന്ത്രപരമായ ചുമതല അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജനാധിപത്യഐക്യമുന്നണി കെട്ടിപ്പടുക്കുകയെന്നതാണ്. ഭരണ നടത്തുന്ന ബൂർഷ്വാസിയുടെയും അവരുടെ പാർട്ടിയുടെയും രാഷ്ട്രീയാധികാരത്തിനു് (ഇന്നിപ്പോൾ അതു് വീണ്ടും ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടിയാണ്) എതിരായി അദ്ധ്വാനിക്കുന്നവരുടെ— തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, പങ്ക് പാട്ടക്കാർ, ദരിദ്രരും അദ്ധ്വാനിക്കുന്നവരുമായ കർഷകർ, പണിയെടുക്കുന്ന ഇടത്തരക്കാർ, പട്ടണപ്രദേശങ്ങളിലെ താണവരുമാനക്കാരായ ഇടത്തരക്കാർ, അദ്ധ്വാനിക്കുന്ന ജനതയുടെ സംഘർഷങ്ങളുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള വിദ്യാർത്ഥികൾ, യുവാക്കൾ എന്നിവരുടെ — വിപുലാടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സംഘടനാ രൂപം എന്ന നിലയിലാണ് ഇതിനെ കണക്കാക്കിയിട്ടുള്ളതു്.

## 27. ഇടതുപക്ഷ മുന്നണി : അദ്ധ്വാനിക്കുന്നവരുടെ ജനാധിപത്യ മുന്നണിയുടെ ആദ്യപടി

തന്ത്രപ്രധാനമായ ഈ ലക്ഷ്യം യഥാർത്ഥ്യമാക്കിത്തീർക്കുന്നതിനുള്ള വഴിത്താരയിലെ ആദ്യ ചുവടുവയ്പ്പ് സാധാരണക്കാരുടെ ജനാധിപത്യാവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സമരത്തിനുവേണ്ടി ദേശീയതലത്തിൽ ഇടതുപക്ഷ കക്ഷികളുടെ ഐക്യമുന്നണി രൂപീകരിക്കുകയാണ്. എന്നാൽ വസ്തുനിഷ്ഠവും ചരിത്രപരവുമായ പല കാരണങ്ങളാലും ഇടതുപക്ഷ കക്ഷികളുടെ രാഷ്ട്രീയവും സംഘടനാപരവുമായ ദൗർബല്യം മൂലവും

ഇത്തരമൊരു ഇടതുപക്ഷ ഐക്യമുന്നണി രൂപീകരിക്കുന്നതിനും ഇന്ദിരാ കോൺഗ്രസിൻേറയോ അതിനെ എതിർക്കുന്ന ജനത, ലോക്ദളം മുതലായ ബൂർഷ്വാ പാർട്ടികളുടെയോ നേതൃത്വത്തിനു ബദലായി ഈ ഇടതുപക്ഷ മുന്നണിയെ ഉയർത്തിക്കാട്ടുന്നതിനും പശ്ചിമബംഗാളിലെയും ത്രിപുരയിലെയും പരിമിതമായ പ്രാദേശികതലത്തിലല്ലാതെ മറെറങ്ങും കഴിഞ്ഞിട്ടില്ലെന്ന വസ്തുത അംഗീകരിക്കേണ്ടതാണ്. അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുൾപ്പെടെ ജനതയുടെ വമ്പിച്ച ഭൂരിപക്ഷം ഇന്നും ഇന്ദിരാ കോൺഗ്രസ്സിൻെറ പിന്നിലാണ് അണിനിരക്കുന്നതെന്നാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൻെറ ഫലം തെളിയിച്ചത്. പരസ്പരം മത്സരിക്കുന്ന രണ്ടു ബൂർഷ്വാ ഘടകങ്ങളായ ജനതയുടെയും കോൺഗ്രസ്സിൻെറയും പിന്നിലായി 1977-ൽ നിലകൊള്ളുകയും ജനതയ്ക്കു വൻതോതിലുള്ള പിന്തുണയായി ഭവിക്കുകയും ചെയ്ത ജനങ്ങളുടെ രാഷ്ട്രീയ വേർതിരിവ് ഇന്ദിരാകോൺഗ്രസ്സിന് ഉള്ള ജനങ്ങളുടെ രാഷ്ട്രീയ പിന്തുണയ്ക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. ഇതിൻെറ കാരണങ്ങൾ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ പ്രക്രിയ ഇതുവരെയായി അധികാരത്തിനുവേണ്ടി പരസ്പരം മത്സരിക്കുന്ന ബൂർഷ്വാ പാർട്ടികളുടെ തിരഞ്ഞെടുപ്പു മത്സര മേഖലയിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്.

മുതലാളിത്തത്തിൽ ആനുസ്യൂതമായ പ്രതിസന്ധികളുണ്ടാകുകയും അവ മൂർച്ഛിക്കുകയും ചെയ്യുന്നതുകൊണ്ടു തങ്ങൾക്കു ആശ്വാസമേകാൻ ഇന്ദിരാ കോൺഗ്രസിനോ ഇന്ദിരാഗാന്ധിക്കോ ഉള്ള കഴിവിനെപ്പററി അദ്ധ്വാനിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യാമോഹം അവരുടെ വർദ്ധിച്ചുവരുന്ന അതൃപ്തിക്കും കോപത്തിനും വഴിമാറിക്കൊടുക്കുമെന്നുള്ളതു തീർച്ചയാണ്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെയും എഴുപതുകളുടെയും മദ്ധ്യകാലങ്ങളിൽ സംഭവിച്ചതുപോലെ അധികാരത്തിലിരിക്കുന്ന ബൂർഷ്വാസിയ്ക്കും ഇന്ദിരാകോൺഗ്രസിനുമെതിരായി രാഷ്ട്രീയ പ്രത്യക്ഷ നടപടികൾ സ്വീകരിച്ച് അസഹനീയമായ അവരുടെ ജീവിത ക്ലേശങ്ങൾക്കും കഷ്ടപ്പാടുകൾക്കും പരിഹാരം ഉണ്ടാക്കാൻ ജനങ്ങൾ വീണ്ടും ശ്രമിക്കും. രാഷ്ട്രീയ ചക്രവാളത്തിൽ വീണ്ടും ദൃശ്യമാകാൻപോകുന്ന ജനകീയ സമരങ്ങൾക്കു ദേശീയ തലത്തിൽ ധീരവും ശക്തവുമായ നേതൃത്വം നൽകുന്നതിനു സ്വയം സന്നദ്ധമാകാൻ ഇടതുപക്ഷകക്ഷികൾ തയ്യാറാകണം. ഇടതുപക്ഷകക്ഷികൾ ഇപ്പോൾ മുതൽ മുന്നിൽ കാണേണ്ട പ്രധാന രാഷ്ട്രീയ ലക്ഷ്യം ഇതായിരിക്കണം.

ഈ ലക്ഷ്യം നേടുന്നതിനുള്ള ആദ്യത്തെ ചുവടുവയ്പ്പ് അദ്ധ്വാനിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ അടിയന്തിരമായ ജനാധിപത്യ വശ്യാവശ്യങ്ങൾ നിറവേററിക്കിട്ടുന്നതിന് പ്രയോജനകരമായി ത്തീരുന്ന വ്യക്തമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ദേശീയ

ഇടതുപക്ഷഐക്യമുണ്ടാക്കുകയാണ്. ഇടതുപക്ഷത്തുള്ള കുറെ

പാർട്ടികളും ഭരണകോൺഗ്രസ്സിനെ തങ്ങളുടേതായ സ്വന്തം കാരണങ്ങളാൽ എതിർക്കുന്ന കുറെ ബൂർഷ്വാ പാർട്ടികളും ചേർന്നുണ്ടാക്കുന്ന താൽക്കാലികമോ അവസരവാദപരമോ ആയ ഐക്യം, പ്രതിസന്ധി കൾ നിറഞ്ഞതും ശിഥിലമായിക്കൊണ്ടിരിക്കുന്നതു മായ ഇന്ത്യയിലെ മുതലാളിത്ത ചട്ടക്കൂട് തട്ടി യെറിഞ്ഞിട്ട സോഷ്യലിസം സ്ഥാപിക്കുന്നതിനു വേണ്ടി പ്രയോജനപ്പെടേണ്ട അദ്ധ്വാനിക്കുന്ന ജന വിഭാഗങ്ങളുടെ ജനാധിപത്യ ഐക്യമുന്നണി കെട്ടി പ്പടുക്കുന്നതിനുള്ള ആദ്യപടിയായി രൂപീകൃതമാ കേണ്ട ഇടതുപക്ഷഐക്യത്തിനു പകരമുള്ളതാവുകയ ല്ലെന്നാണ് ആർ. എസ്. പി യുടെ അഭിപ്രായം.

## 28. "ഇടതുപക്ഷ ജനാധിപത്യ മുന്നണി"യുടെ അർത്ഥം

നിർഭാഗ്യവശാൽ സി. പി. ഐ. എം. തുടങ്ങി പശ്ചിമ ബംഗാളിലും ത്രിപുരയിലും നമ്മോടൊപ്പം ഇടതുപക്ഷമുന്നണി ഗവൺമെൻറുകളിൽ പങ്കാളികളായിട്ടുള്ള ചില പ്രമുഖ ഇടതുപക്ഷ പാർട്ടികൾക്കും സി. പി. ഐ. ക്കും വ്യത്യസ്തമായ കാഴ്ചപ്പാടാണുള്ളത്. "ഇടതുപക്ഷ ജനാധിപത്യമുന്നണി" എന്നാൽ ശ്രീമതി ഗാന്ധിയും അവരുടെ പാർട്ടിയും പ്രതിനിധാനം ചെയ്യുന്ന സ്വേച്ഛാധികാര പ്രവണതകളെ എന്തെങ്കിലും കാരണങ്ങളാൽ എതിർക്കുന്ന 'ജനാധിപത്യ' ബൂർഷ്വാപാർട്ടികളുമായി ഇന്നത്തെ ഘട്ടത്തിലുണ്ടാകുന്ന രാഷ്ട്രീയ ഐക്യം' എന്നാണ് അവർ അർത്ഥമാക്കുന്നത്. അതുകൊണ്ട് "ഇടതുപക്ഷ ജനാധിപത്യമുന്നണി" എന്ന സങ്കല്പത്തിൻെറ, സോഷ്യലിസത്തിൻെറയും തൊഴിലാളിവർഗ്ഗത്തിൻെറയും കാഴ്ചപ്പാടിൽക്കൂടിയുള്ള, യഥാർത്ഥമായ ശാസ്ത്രീയ അർത്ഥം നാം ചൂണ്ടിക്കാണിക്കണം.

മുതലാളിത്ത വ്യവസ്ഥിതിയും സംവിധാനവും പൂർണ്ണമായും തുത്തെറിയാൻ ഉടനടി ആവശ്യപ്പെടുന്നതല്ലാത്തവയായ അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെ ജനാധിപത്യാവശ്യങ്ങൾ നിറവേറുന്നതിനുവേണ്ടിയുള്ള പൊതുവായ രാഷ്ട്രീയസമരം നടത്തുന്നതിനായി സോഷ്യലിസ്റ്റ് കക്ഷികളും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കക്ഷികളും ചേർന്നു രൂപീകരിക്കുന്ന പൊതുവായ രാഷ്ട്രീയ ഐക്യമുന്നണിയാണ് "ഇടതുപക്ഷ ജനാധിപത്യ മുന്നണി".

എന്നിരുന്നാലും ഈ ആവശ്യങ്ങൾ തൊഴിലാളികളുടെയും അദ്ധ്വാനിക്കുന്നവരുടെയും വ്യക്തമായ വർഗ്ഗാവശ്യങ്ങളാണ്; "ജനാധിപത്യ" വർഗ്ഗാവശ്യങ്ങൾ, സോഷ്യലിസ്റ്റാവശ്യങ്ങളല്ല. അത്തരം ഒരു "മുന്നണി"യെ വിശേഷിപ്പിക്കുന്നതിനു് "ഇടതുപക്ഷം" എന്ന വാക്കിനോടൊപ്പം 'ജനാധിപത്യം' എന്ന പദംകൂടി ഉപയോഗിക്കുന്നതിന്റെ അർത്ഥം "ഐക്യമുന്നണി"യിൽ "ഇടതുപക്ഷ" "സോഷ്യലിസ്റ്റ്" തൊഴിലാളി വർഗ്ഗപാർട്ടികളോടുമൊപ്പം "ഇടതുപക്ഷേതര" ബൂർഷ്വാ "ജനാധിപത്യ" പാർട്ടികളെക്കൂടി ഉൾപ്പെടുത്തണമെന്നല്ല. "ഇടതുപക്ഷ ജനാധിപത്യ ഐക്യം" (അല്ലെങ്കിൽ ഐക്യമുന്നണി) എന്നു പറയുമ്പോൾ അർത്ഥമാക്കുന്നതു് അദ്ധ്വാനിക്കുന്ന വിഭാഗങ്ങളുടെയും ജനാധിപത്യവാദികളായ ബഹുജനങ്ങളുടെയും വ്യക്തമായ 'ജനാധിപത്യ' വർഗ്ഗാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന ഇടതുപക്ഷ കക്ഷികളുടെ പൊതുവായ രാഷ്ട്രീയ മുന്നണി എന്നാണ്. ഈ "ജനാധിപത്യാ"വശ്യങ്ങൾക്കുവേണ്ടി ഇടതുപക്ഷ, സോഷ്യലിസ്റ്റ് കക്ഷികളുംകൂടി സമരം ചെയ്യുമെന്നുള്ളതുകൊണ്ടു് ഈ കക്ഷികളെയും 'ജനാധിപത്യ'കക്ഷികളായി കരുതേണ്ടതാണ്. അതുകൊണ്ടാണ് 'ഇടതുപക്ഷം' 'ജനാധിപത്യം' എന്നീ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നതു്.

ഭരിക്കുന്ന ബൂർഷ്വാ കക്ഷിയായ ഇന്ദിരാ കോൺഗ്രസിനോട് രാഷ്ട്രീയമായി എതിർപ്പുള്ള അനേകം ബൂർഷ്വാ കക്ഷികൾ രാജ്യത്തുണ്ടു്. ഇന്ദിരാ കോൺഗ്രസിൽ നിന്നുണ്ടാകാവുന്ന സ്വേച്ഛാധിപത്യപരവും ജനാധിപത്യ വിരുദ്ധവുമായ നീക്കങ്ങളെ തങ്ങൾ എതിർക്കുമെന്നും ഈ നീക്കങ്ങൾക്കെതിരായി സമരം ചെയ്യുമെന്നും ഈ കക്ഷികൾപറയുന്നുണ്ടാവും. ബൂർഷ്വാ ജനാധിപത്യ അർത്ഥത്തിൽ ഈ കക്ഷികളെ ജനാധിപത്യകക്ഷികളായി പരിഗണിക്കാവുന്നതാണ്. എന്നാൽ 'ഇടതുപക്ഷ ജനാധിപത്യ' വർഗ്ഗ കാഴ്ചപ്പാടിൽക്കൂടി നോക്കുമ്പോൾ ആ കക്ഷികൾ 'ജനാധിപത്യ' കക്ഷികളല്ല; നമ്മുടെ ധാരണയനുസരിച്ചുള്ള ഒരു "ഇടതുപക്ഷ ജനാധിപത്യ" മുന്നണിയിൽ ഈ കക്ഷികളെ ഉൾപ്പെടുത്താവുന്നതുമല്ല. ജനാധിപത്യ കക്ഷികളെന്നു വിളിക്കപ്പെടുന്ന ജനത, ലോക്ദൾ, അരശ് കോൺഗ്രസ് തുടങ്ങിയുള്ള കക്ഷികൾ ഭരണ കക്ഷിയായ ഇന്ദിരാ കോൺഗ്രസിനു ഇന്നു് എതിരായിരിക്കാം. എന്നാൽ വളരെ അടുത്ത കാലത്തു ഈ കക്ഷികളും അധികാരത്തിലിരുന്നവയാണ്. അവരുടെ ചെയ്തികളും സാമാന്യ ജനങ്ങൾക്കും തൊഴിലാളി വർഗ്ഗത്തിനുമെതിരായി അവർ സ്വീകരിച്ചിരുന്ന രാഷ്ട്രീയനയവും ജനങ്ങൾ കണ്ടറിഞ്ഞതാണ്. ഇവരുമായി ഇടതുപക്ഷ കക്ഷികൾ രാഷ്ട്രീയമായ പൊതുമുന്നണി രൂപീകരിക്കുന്നതു് തൊഴിലാളികളുടെയും അദ്ധ്വാനിക്കുന്ന മററു വിഭാഗങ്ങളുടെയും കണ്ണുകളിൽ ഇടതുപക്ഷ കക്ഷികളുടെ വില ഇടിയ്ക്കുകയേയുള്ളു. അധികാരം പിടിച്ചെടുക്കുന്നതിനുള്ള അവസരവാദപരമായ കൂട്ടുകെട്ടുകളായിട്ടുമാത്രമേ ഇത്തരം മുന്നണികളെ അവർ കാണുകയുള്ളു.

അതുകൊണ്ടു്, ഇത്തരം രാഷ്ട്രീയ കക്ഷികളുമായി ചേർന്നു് പൊതുവായ രാഷ്ട്രീയ മുന്നണിയിൽ പങ്കെടുക്കുന്നതിനും അവസരവാദപരമായരാഷ്ട്രീയ ധാരണകൾ ഉണ്ടാക്കുന്നതിനും വേണ്ടി ''ഇടതുപക്ഷ ജനാധിപത്യമുന്നണി''യെന്ന സങ്കല്പത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ വെള്ളം ചേർക്കുന്നതിനു് ആർ. എസ്. പി. എതിരാണു്. ആർ. എസ്. പി.യുടെ സങ്കല്പത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി വർഗ്ഗാടിസ്ഥാനത്തിലുള്ളതാണു്, ജനങ്ങളുടെ 'ജനാധിപത്യാ'വശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ഒരു രാഷ്ട്രീയ മുന്നണിയാണതു്. എന്നാൽ അതിന്റെ നേതൃത്വത്തിൽ ഇടതുപക്ഷമല്ലാത്തതും തൊഴിലാളി വർഗ്ഗത്തിന്റേതല്ലാത്തതുമായ ബൂർഷ്വാകക്ഷികൾക്കു സ്ഥാനമുണ്ടായിരിക്കുകയില്ല.

എന്നാൽ ഇന്നു് നിലവിലുള്ള പാർലമെന്ററി രാഷ്ട്രീയ സംവിധാനത്തിൽ ഭരണ കക്ഷികൾക്കെതിരായുള്ള പൊതുവായ ജനാധിപത്യ രാഷ്ട്രീയാവശ്യങ്ങൾക്കു പിന്തുണ നൽകിക്കൊണ്ടു് പാർലമെന്റിലും നിയമസഭകളിലും ബൂർഷ്വാ കക്ഷികളുമായി പരിമിതമായ ധാരണകളിലേർപ്പെടുന്നതിനുള്ള അവസരങ്ങളുണ്ടായിയെന്നു വന്നേക്കാവുന്നതാണു്. ചില പ്രത്യേക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി പുറത്തു് ബഹുജന പ്രക്ഷോഭണങ്ങളും മററും നടത്തുന്നതിനു് ഈ പാർട്ടികളുമായി ചിലപ്പോൾ ഇടതുപക്ഷ കക്ഷികൾ സഹകരിച്ചുവെന്നും വരാം. ''എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി'' എന്ന പേരു് ന്യായീകരിക്കുന്നതിനു മുന്നണിയിൽ ഇടതുപക്ഷേതര ''ജനാധിപത്യ''കക്ഷികളും വേണമെന്ന കാരണം പറഞ്ഞു രാഷ്ട്രീയ ''ഐക്യ മുന്നണി''യിൽ ഘടകകക്ഷിയായി പങ്കെടുക്കുവാൻ അവരെ അനുവദിക്കരുതു്. മറെറാരു രീതിയിൽ പറഞ്ഞാൽ, ആർ. എസ്. പി. യുടെ കാഴ്ചപ്പാടിലുള്ള ഇടതുപക്ഷ ഐക്യമുന്നണി രാഷ്ട്രീയവും വർഗ്ഗപരവുമായ കാഴ്ചപ്പാടിലുള്ളതാണു്. ഇതു് ഇടതുപക്ഷ പാർട്ടികളും തൊഴിലാളി വർഗ്ഗകക്ഷികളും ഇടതുപക്ഷ നേതൃത്വത്തിലുള്ള വർഗ്ഗസംഘടനകളും ബഹുജന സംഘടനകളും അടങ്ങുന്ന അദ്ധ്വാനിക്കുന്ന ജനതയുടെ ജനാധിപത്യമുന്നണി രൂപീകരിക്കുന്ന

തിൻെറ അവശ്യമായ ആദ്യപടിയായിരിക്കും. ഈ മുന്നണി മുതലാളിത്തത്തെ തകർത്തുകൊണ്ടു് തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ രാജ്യത്തെയും ജനങ്ങളെയും നയിക്കുക എന്ന ചരിത്രപരമായ കടമ നിറവേററുന്നതിനുള്ളതാണ്.

## 29. ഇടതുമുന്നണി – ഇന്നു് മുൻഗണന നൽകപ്പെടേണ്ട ഒരു ചുമതല

രാജ്യത്തു് ഇന്നു് സംജാതമായിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മുൻഗണന കല്പിക്കേണ്ട ചുമതലയായിത്തീന്നിരിക്കുകയാണ് ദേശീയ തലത്തിൽ യഥാർത്ഥ ഇടതുപക്ഷ പാർട്ടികളുടെയും സോഷ്യലിസ്റ്റ് പാർട്ടികളുടെയും സംയുക്ത നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രൂപീകരണം.

പാർലമെൻറിലുള്ള സ്റ്റീം റോളർ ഭൂരിപക്ഷത്തിൻെറ ശക്തി ഉപയോഗിച്ചു ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ ചവുട്ടിമെതിക്കുകയും രാജ്യത്തൊട്ടാകെ ഏകകക്ഷി കുത്തകഭരണം ഏർപ്പെടുത്തുകയും ചെയ്യുന്നതിനു് ഇന്ദിരാകോൺഗ്രസിൻെറ നേതൃത്വത്തിലുള്ള സ്വേച്ഛാധിപത്യ വിഭാഗക്കാർ നടത്തുന്ന നഗ്നമായ ശ്രമങ്ങളെ എതിർക്കുന്നതിനു്, ഇതു് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുകയാണ്.

ഇന്ത്യൻ മുതലാളിത്വ വ്യവസ്ഥിതിയിലുള്ള കുഴപ്പങ്ങളുടെ ആഴംകൂടി വരുന്നതോടുകൂടി ആസന്നഭാവിയിൽ രൂപംകൊള്ളാൻ പോകുന്ന സമരങ്ങളിൽ ബഹുജനങ്ങളെയും അദ്ധ്വാനിക്കുന്ന വിവിധവിഭാഗം ജനങ്ങളെയും അവരുടെ വിവിധങ്ങളായ വർഗ്ഗ ബഹുജന സംഘടനകളിലൂടെ ഏകീകരിക്കുന്നതിനും നയിക്കുന്നതിനും ഇടതുപക്ഷ ഐക്യം നിർണ്ണായകമായ ഒരാവശ്യമാണ്. സമരത്തിൻെറ ആ ഘട്ടത്തിൽ ഉണ്ടാകുന്ന പരീക്ഷണങ്ങളെ നേരിടുന്നതിനു് സ്വന്തം കഴിവിലുള്ള ആത്മവിശ്വാസം ജനങ്ങളിൽ വേണ്ടത്ര ജനിപ്പിക്കുന്നതിനു് ദേശീയതലത്തിലുള്ള ശക്തവും ഏകീകൃതവുമായ ഇടതുപക്ഷ നേതൃത്വത്തിനു മാത്രമേ കഴിയൂ.

ഇന്ദിരാ കോൺഗ്രസിനെപ്പററിയുള്ള മോഹങ്ങളെല്ലാം സമ്പൂർണ്ണമായി നശിക്കുകയും കോൺഗ്രസിനോടു കലശലായ രോഷം തോന്നുകയും ചെയ്യുമ്പോൾ സമരാസക്തിയുള്ള ജനവിഭാഗങ്ങൾ വീണ്ടും പ്രക്ഷോഭണ

ങ്ങൾക്ക് തയ്യാറാകും. നാം ഉൾപ്പെടെയുള്ള ഇടതുപക്ഷ കക്ഷികൾക്കും സോഷ്യലിസ്ററു പാർട്ടികൾക്കും ദേശീയതലത്തിൽ സുസംഘടിതമായ ഒരു ഇടതുപക്ഷ ഐക്യമുന്നണി രൂപീകരിച്ച് അവരെ സംഘടിപ്പിക്കാനും നയിക്കാനും കെൽപ്പുള്ളതെന്ന ബോദ്ധ്യപ്പെടുത്തുന്ന പ്രതിച്ഛായ അവതരിപ്പിക്കാൻ കഴിഞ്ഞാൽ അവർ നേതൃത്വത്തിന് ഇടതുപക്ഷത്തേക്കു ഉററു നോക്കും. ഈ മുന്നണി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിവുള്ളതായിരിക്കണം. കോൺഗ്രസ് മുതലാളിത്ത ഭരണവും ജനതാ മുതലാളിത്ത ഭരണവും നടന്ന കഴിഞ്ഞ മൂന്നുദശകങ്ങളിൽ അവർക്കു അനുഭവിക്കേണ്ടിവന്ന കുത്തക മുതലാളിത്ത ജോട്ടേദാർ—കുലാക്കു് ഭരണത്തിൻെറ കീഴിലുള്ള നിർദ്ദയമായ ചൂഷണത്തിൻെറ ചങ്ങലകൾ പൊട്ടിക്കാനുള്ള മാർഗ്ഗം അവർക്കു കാണിച്ചുകൊടുക്കാൻ കഴിയുന്നതുമായിരിക്കണം.

## 30. പരിപാടിയും കർമ്മതന്ത്രവും

പാർട്ടിയുടെ അടിയന്തിരമായ രാഷ്ട്രീയ ചുമതലകളെപ്പററി മുകളിൽ വിവരിച്ച കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി ആർ. എസ്. പി. യുടെ പതിനൊന്നാം ദേശീയ സമ്മേളനം താഴെപ്പറയുന്ന കർമ്മതന്ത്രവും പരിപാടിയും മുന്നോട്ടുവയ്ക്കുന്നു. ഇതിനെ ആധാരമാക്കിയാണ്, നാം ഇന്നു് അദ്ധ്വാനിക്കുന്ന വിഭാഗങ്ങളെ സംഘടിപ്പിക്കുകയും അണിനിരത്തുകയും ചെയ്യേണ്ടതു്.

1. പാർലമെൻറിനും സംസ്ഥാന നിയമസഭകൾക്കും അകത്തും പുറത്തും സ്വേച്ഛാധികാര ശക്തികൾക്കും രാജ്യമൊട്ടാകെ ഏകകക്ഷി കുത്തക ഭരണം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്കും എതിരായുള്ള രാഷ്ട്രീയസമരം തുടർന്നുപോവുക.

2. സംസ്ഥാനങ്ങളുടെ അധികാരം വിപുലപ്പെടുത്തുന്നതിനും അവയുടെ സ്വയം ഭരണാവകാശം ഉറപ്പുവരുത്തുന്നതിനും പ്രസിഡൻറിനു് (അതായതു് കേന്ദ്രഗവണ്മെൻറിനു്) ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിയമസഭകളെയും ഗവണ്മെൻറുകളെയും ഡിസ്മിസ് ചെയ്യാനും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു ജനങ്ങളുടെ പൗരസ്വാതന്ത്ര്യങ്ങളും ജനാധിപത്യാവകാശങ്ങളും നിഷേധിക്കാനുമുള്ള പ്രത്യേകാവകാശങ്ങൾ എടുത്തുകളയുന്നതിനുംവേണ്ടി ഭരണഘടന ഭേദഗതി ചെയ്യണമെന്നു് ആവശ്യപ്പെടുക.

3. രാജ്യത്തിൻെറ സമ്പദ് വ്യവസ്ഥയുടെ മേൽ മുതലാളിമാർക്കും വൻകിടവ്യവസായികൾക്കും ഭൂസ്വാമിമാരായ കുലാക്കുകൾക്കും കർഷക മുതലാളിത്ത വർഗ്ഗത്തിനും ഉള്ള മരണപ്പിടിത്തം ഇല്ലാതാക്കുകയും സാമൂഹ്യ ഉല്പാദന ഉപകരണങ്ങളുടെ മേൽ സ്വകാര്യ ഉടമസ്ഥതയുള്ള നിയമപരമായ അവകാശങ്ങൾ ഇല്ലാതാക്കുകയും ചെയ്യത്തക്കവിധം ഭരണഘടനയിലും

നിയമവ്യവസ്ഥയിലും അടിസ്ഥാനപരമായ മാററങ്ങൾ വരുത്തുന്നതിനു വേണ്ടി പ്രക്ഷോഭണം നടത്തുക.

4. തൊഴിൽ ചെയ്യുന്നതിനും ആദായകരമായ ജോലി നൽകാത്തിടത്തോളംകാലംതൊഴിലില്ലായ്മവേതനം ലഭിക്കുന്നതിനുംഉള്ളഅവകാശം, മൗലികാവകാശമായിഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനാവശ്യപ്പെടുക.

5. നഷ്ടപരിഹാരം കൂടാതെ എല്ലാ വിദേശ കമ്പനികളും ഇന്ത്യൻ കുത്തക വ്യവസായ സ്ഥാപനങ്ങളും ദേശസാൽക്കരിക്കാൻ ആവശ്യപ്പെടുക; വിദേശ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും വിദേശ ബാങ്കുകളും വിദേശ നിക്ഷേപങ്ങളും നഷ്ടപരിഹാരം നൽകാതെ ദേശവൽക്കരിക്കുന്നതിനും ആവശ്യപ്പെടുക.

6. നാണയപ്പെരുപ്പത്തിനും കമ്മിബഡ്ജററിനും അത്യാവശ്യ സാധനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിനും എതിരായി ഊർജ്ജസ്വലമായ പ്രക്ഷോഭണങ്ങൾ നടത്തുക, അവയുടെ വില കുറയ്ക്കുന്നതിനും അവശ്യ സാധനങ്ങളുടെ മേൽ കുത്തക സ്റ്റേററ് ട്രേഡിംഗ് ഏർപ്പെടുത്തി അവയുടെ വിതരണം നീതിയുക്തമാക്കിത്തീർക്കുന്നതിനും ആവശ്യപ്പെടുക.

7. നീതിപൂർവ്വകമായ വരുമാന വേതനനയത്തിനും അവശ്യാധിഷ്ഠിത മിനിമം വേതനത്തിനും മാററി വയ്ക്കപ്പെട്ടകൂലി എന്ന നിലയിൽ ബോണസ് ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ അവകാശം അംഗീകരിച്ചു കിട്ടുന്നതിനും സാധാരണക്കാരും വ്യാവസായിക കാർഷിക മുതലാളിമാരും തമ്മിൽ വരുമാനത്തിലുള്ള അന്തരം കുറയ്ക്കുന്നതിനും വേണ്ടി പ്രക്ഷോഭണം നടത്തുക.

8. അടിസ്ഥാനപരമായ ഭൂപരിഷ്കരണത്തിനും ഭൂപരിധി നിജപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും മുഴുവൻ മിച്ചഭൂമിയും പ്രതിഫലം കൂടാതെ കർഷകതൊഴിലാളികൾക്കും ദരിദ്ര കർഷകർക്കും വീതിച്ചുകൊടുക്കുന്നതിനും സഹകരണ കൃഷിയും കൂട്ടുകൃഷിയും ആരംഭിക്കുന്നതിനും കർഷകത്തൊഴിലാളികളുടെ വേതന നിലവാരം ഉയർത്തുന്നതിനും അതു് നടപ്പിലാക്കുന്നതിനും പ്രക്ഷോഭണം നടത്തുക.

9. വിചാരണകൂടാതെ കരുതൽ തടങ്കലിനുള്ള എല്ലാ വ്യവസ്ഥകളും പിൻവലിക്കാനും തൊഴിലാളികൾക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ജനാധിപത്യ പ്രസ്ഥാനങ്ങൾക്കും എതിരായി സി. ആർ. പി. യെയും സൈന്യത്തെയും നിയോഗിക്കുന്നതു് നിരോധിക്കാനും ആവശ്യപ്പെടുക.

10. എല്ലാ മതഭാഷാ ന്യൂനപക്ഷങ്ങൾക്കും പൂർണ്ണമായ പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിനും പാവപ്പെട്ട ഹരിജനങ്ങളെയും പട്ടികജാതിക്കാരെയും മർദ്ദനങ്ങളിനിന്നും ഉയർന്ന ജാതികളിലുള്ള കുലാക്കകളുടെയും ധനിക കർഷകരുടെയും ജാതീയമായ അക്രമങ്ങളിൽനിന്നും രക്ഷിക്കുന്നതിനും പ്രത്യേക പോലീസ് രക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെടുക.

11. സാമ്രാജ്യത്വ വിരുദ്ധവും ചേരിചേരായ്മയിൽ അധിഷ്ഠിതവുമായ ചാഞ്ചല്യമില്ലാത്ത ഒരു വിദേശനയം അനുവർത്തിക്കാൻ ആവശ്യപ്പെടുക. സാമ്രാജ്യത്വത്തിനും പുത്തൻ കൊളോണിയലിസത്തിനുമെതിരായി ''മൂന്നാം ലോക'' രാഷ്ട്രങ്ങളും മററു മർദ്ദിത ജനതകളും നടത്തുന്ന സമരങ്ങളെ പിൻതാങ്ങാൻ ആവശ്യപ്പെടുക. ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണഗതിയിലാക്കുന്നതിനും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി ഇറാനിയൻ റിപ്പബ്ലിക്കിനും ആഭ്യന്തരവും ബാഹ്യവുമായ എല്ലാ ശത്രുക്കൾക്കുമെതിരായി അഫ്ഗാൻ ജനാധിപത്യ റിപ്പബ്ലിക്കിനും തങ്ങളുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നതിന് കമ്പൂച്ചിയൻ ജനതയ്ക്കും ബാഹ്യമായ ഇടപെടലുകൾ കൂടാതെ തങ്ങളുടെ സമ്പദ് സംവിധാനത്തിന്റെ സോഷ്യലിസ്റ്റ് പരിവർത്തനത്തിന് വിയററ്നാം സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്, ഉത്തരകൊറിയ, ക്യൂബ എന്നീ രാജ്യങ്ങൾക്കും ഇതേ ശ്രമം നടത്തിവരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്കും പിന്തുണ നൽകുന്നതിനും പാശ്ചാത്യസാമ്രാജ്യത്വത്തിനും ആഭ്യന്തര പിൻതിരിപ്പൻ ശക്തികൾക്കുമെതിരായി പാലസ്തീൻ അറബികളും അറബിജനത പൊതുവെയും നടത്തുന്ന സമരങ്ങൾക്കും അഫ്രിക്കൻ ജനതാസാമ്രാജ്യത്വത്തിനും വെള്ളക്കാരുടെ ന്യൂനപക്ഷ ഗവണ്മെൻറുകൾക്കും വർണ്ണവിവേചനത്തിനും മററും എതിരായി നടത്തിവരുന്ന പോരാട്ടങ്ങൾക്കും പിന്തുണ നൽകുന്നതിനും ആഭ്യന്തര പിന്തിരിപ്പൻ ശക്തികളെ എതിർത്തുകൊണ്ട് ജനാധിപത്യം സ്ഥാപിക്കാൻ സമരങ്ങൾ നടത്തുന്ന ബംഗ്ലാദേശിലെയും നേപ്പാളിലെയും പാകിസ്ഥാനിലെയും ശ്രീലങ്കയിലെയും ജനങ്ങളുമായി സൗഹൃദബന്ധം സ്ഥാപിക്കുന്നതിനും ആവശ്യപ്പെടുക.

മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്ക് മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളനുസരിച്ച് മാററങ്ങൾ വരുത്താവുന്നതും കൂടുതൽ ഇനങ്ങൾ പരിപാടിയിലുൾപ്പെടുത്താവുന്നതുമാണ്. ഭരണം നടത്തുന്ന കോൺഗ്രസിനും ആ കക്ഷിക്ക് പിന്തുണ നൽകുന്ന ഇന്ത്യൻ ബൂർഷ്വാസിക്കും ബ്യൂറോക്രസിക്കും വിദേശകുത്തകകൾക്കും മററുമെതിരായി രാഷ്ട്രീയമായി അണിനിരത്തുന്നതിനു സഹായകരമായ കുറച്ചിനങ്ങൾ മാത്രമേ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. സംസ്ഥാന തലത്തിലും ദേശീയതലത്തിലും ഇടതുപക്ഷകക്ഷികൾ ഇതുപോലുള്ള തത്വങ്ങളുടെയും

പരിപാടിയുടെയും അടിസ്ഥാനത്തിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതു് ഇടതുപക്ഷ ജനാധിപത്യ ബഹുജനശക്തികളുടെ ഐക്യമുന്നണി ക്രമേണയായി കെട്ടിയുയർത്തുന്നതിനു് സഹായകരമായിരിക്കും. ഇടതുപക്ഷ ജനാധിപത്യ ബഹുജനശക്തികളുടെ ഐക്യം കെട്ടിപ്പടുക്കുന്നതിനുള്ള പ്രധാന മാർഗ്ഗം ഈ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള സംയുക്ത ബഹുജന സമരമാണു്. കൂട്ടായ സമരങ്ങളിലേയ്ക്കു് ജനങ്ങളെ ആകർഷിക്കുന്നതും അവരിൽ ഐക്യ ദാർഢ്യബോധമുണ്ടാക്കുന്നതും അവരെ ഉല്പതിഷ്ണുക്കളാക്കുന്നതും ഈ ബഹുജന സമരങ്ങളായിരിക്കും. അതുകൊണ്ടാണു് മുകളിൽ പറഞ്ഞ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള കൂട്ടായ രാഷ്ട്രീയ ബഹുജനസമരത്തിനു് മുൻഗണന നൽകേണ്ടതു്.

4499

അദ്ധ്വാനിക്കുന്നവരുടെ

ഇടതുപക്ഷ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുക.

സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്കു് മുന്നോട്ടു്.

---

Printed by G. Gopinathan Nair at the Rekha Printers, Kunnukuzhi, Trivandrum-695037 and published by him on behalf of the Revolutionary Socialist Party, Kerala State Committee, Trivandrum-695 004.

# ഇടതുപക്ഷ ബദൽ

4499

1980 ഏപ്രിൽ 6 മുതൽ 11 വരെ
കൽക്കട്ടയിൽ കൂടിയ റവലൂഷണറി
സോഷ്യലിസ്റ്റ് പാർട്ടിയുടെ പതി
നൊന്നാമത് ദേശീയ സമ്മേളനം
അംഗീകരിച്ച ദേശീയ രാഷ്ട്രീയ
സ്ഥിതിയെപ്പററിയുള്ള തീസിസ്സ്

റവലൂഷണറി സോഷ്യലിസ്റ്റ് പാർട്ടി
കേരള സംസ്ഥാനക്കമ്മററി